നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

174

ഒക്ടോബർ 2011

10.00 ക.



**ജസ്റ്റിസ് ശിവരാജ് പട്ടീൽ:**
**അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ**

# മരുന്നുപരീക്ഷണങ്ങൾ സുതാര്യമാക്കുന്നതിൽ നൈതിക സമിതിയുടെ പങ്ക്

**ഒ**രു സ്ഥാപനത്തിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളെ നിരീക്ഷിക്കുന്നതിനും അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും അവയുടെ ശാസ്ത്രീയ അടിത്തറയും നൈതിക നിലവാരവും ഉറപ്പുവരുത്തുന്നതിനും നിയോഗിക്കപ്പെടുന്ന വിദഗ്ധ സംഘമാണ് നൈതിക സമിതി.

**പ്രധാന നിബന്ധനകൾ:**

1. എല്ലാ ജനവിഭാഗങ്ങളെയും ചിന്താധാരകളെയും പ്രതിനിധീകരിക്കാൻ കഴിവുള്ള നിഷ്പക്ഷമതികളും, വിഭാഗീയ ചിന്തകൾക്കുമതീതരുമായിരിക്കണം നൈതിക സമിതി അംഗങ്ങൾ.
2. 8–12 വരെ അംഗങ്ങൾ ഉൾപ്പെടുന്ന സമിതിയിൽ, ചെയർമാൻ സ്ഥാപനത്തിനു പുറമെനിന്നുള്ളയാളും പൂർണ്ണ സ്വതന്ത്രനുമായിരിക്കണം. നൈതിക സമിതിയുടെ മെമ്പർ സെക്രട്ടറി സ്ഥാപനത്തിന്റെ പ്രതിനിധിയായിരിക്കണം.
3. നൈതിക സമിതിയിൽ ഒരു വൈദ്യശാസ്ത്രകാരൻ, ഒരു പൊതുപ്രവർത്തകൻ, ചിന്തകൻ, പൊതുസമൂഹത്തിന്റെ പ്രതിനിധി ഇത്രയും പേരെങ്കിലും ഉണ്ടാകണം. ഏറ്റവും കുറഞ്ഞത് 5 പേരെങ്കിലും വേണം കോറം തികയാൻ ചില വിഷയങ്ങളിൽ ആവശ്യമെങ്കിൽ അതത് വിഷയങ്ങളിൽ ലബ്ധപ്രതിഷ്ഠിതരായവരെ നൈതിക സമിതിയെ സഹായിക്കാൻ ക്ഷണിക്കാം.
4. നൈതിക സമിതി യോഗങ്ങളുടെ ചർച്ചാ വിഷയങ്ങളും യോഗവിഷയങ്ങളും അടങ്ങിയ മിനിറ്റ്സ് ചെയർമാന്റെ ഒപ്പോടുകൂടി ഓഫീസിൽ സൂക്ഷിക്കണം.
5. നൈതിക സമിതിക്ക് സ്വന്തമായ സെക്രട്ടറിയേറ്റ് ആവശ്യമാണ്. രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുകയും സമിതി അംഗങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തികിട്ടുകയും വേണം.
6. സമിതി അംഗങ്ങൾക്ക് അന്വേഷകരുമായോ നിർമ്മാതാവുമായോ ബന്ധം ഉണ്ടാകരുത്. സമിതിയംഗങ്ങൾ ഏതെങ്കിലും, സ്വാധീനത്തിനോ, പ്രലോഭനത്തിനോ, സമ്മർദ്ധങ്ങൾക്കൊ മുൻവിധികൾക്കോ വിധേയരാകാൻ പാടില്ല. സാമ്പത്തിക ഇടപെടലുകളൊ സ്ഥാപിത താൽപര്യങ്ങളോ സമിതിയംഗങ്ങൾക്ക്സ്ഥാപനവുമായി/ അന്വേഷകരുമായി ഉണ്ടായിക്കൂടാ.
7. മരുന്നു പരീക്ഷണങ്ങളിലെ നൈതിക നിർദ്ദേശത്തെ സംബന്ധിച്ച ദേശീയവും, അന്തർദേശീയവുമായ മാർഗരേഖകളെക്കുറിച്ചും നിയമസംഹിതകളെക്കുറിച്ചും സമിതിയംഗങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടാകണം.
8. ഏതെങ്കിലും പങ്കാളിക്ക് ബോധപൂർവ്വവും സ്വമേധയയും സമ്മതം നൽകാൻ കഴിയാത്ത അവസ്ഥയിലാണെങ്കിൽ ആ വിവരം പ്രോട്ടോകോളിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതും, നൈതിക സ മിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.
9. പരിക്ഷണവുമായി ബന്ധപ്പെട്ട് അന്വേഷകനും സ്ഥാപനത്തിനും ലഭിക്കുന്ന സാമ്പത്തിക സഹായം, സംഭാവനകൾ, വിദേശയാത്രകൾ, മറ്റ് വിധത്തിലുള്ള അനുകൂല്യങ്ങൾ, നിർമ്മാതാവുമായുള്ള കരാറുകൾ, പരീക്ഷണ വ്യവസ്ഥകൾ വിവിധ താർപര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ നൈതിക സമിതി അംഗങ്ങളെ അറിയിക്കാനുള്ള ചുമതല അന്വേഷകനുണ്ട്. ❏



ജനനീതി

ഒക്ടോബർ 2011
**174**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**വി.കെ. ഷറഫുദ്ദീൻ**
**ജോർജ്ജ് പുലികുത്തിയിൽ**

**ജ ന നീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

## വധശിക്ഷാവ്യവസ്ഥ പ്രാകൃതമാണ്; അത് ഉപേക്ഷിച്ചേ തീരൂ

**1**991 ലെ തിരഞ്ഞെടുപ്പു പ്രചരണ വേളയിൽ മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി കൊല്ലപ്പെടുകയുണ്ടായി. ശ്രീലങ്കയിലെ തമിഴ് ഈഴം പുലികളോ അവരുമായി ബന്ധപ്പെട്ടവരോ ആണ് ഈ ഹീനകൃത്യത്തിന്നു പിന്നിലെന്ന് അന്നേ വ്യക്തമായിരുന്നു. ഇന്ത്യാഗവർമ്മേണ്ട് നിയോഗിച്ച പ്രത്യേകാന്വേഷണ സംഘത്തിന്റെ വിദഗ്ധാന്വേഷണ ഫലമായി പ്രതികളെയെല്ലാം കണ്ടെത്തുകയും അവരെ നിയമാനുസൃതമായ വിചാരണക്ക് വിധേയമാക്കുകയും ചെയ്തു. ആത്യന്തികമായി നാലു പേർ വധശിക്ഷക്ക് വിധിക്കപ്പെട്ടുവെങ്കിലും അവരിലൊരു സ്ത്രീയുടെ ദയാഹർജി രാഷ്ട്രപതി സ്വീകരിച്ചിരുന്നു. ബാക്കിയുള്ള മൂന്നു പേരുടേയും ദയാഹർജികൾ രാഷ്ട്രപതി ഈ ആഗ്സ്തിൽ തിരസ്കരിച്ചു. ഈ പ്രശ്നം വീണ്ടും കോടതിയിലെത്തി നിൽക്കുകയാണിപ്പോൾ.

ദയാഹർജികളിൽ അവസാനമായൊരു തീരുമാനമെടുക്കേണ്ടത് രാഷ്ട്രപതിയാണ്. അതിനാൽ അതിന്റെ ന്യായാന്യായതകളെക്കുറിച്ച് ചർച്ചചെയ്യുന്നത് അപ്രസക്തമായിരിക്കും. എങ്കിലും ചില മൗലികവസ്തുക്കളുടെ നേരെ ഒരാൾക്ക് കണ്ണടക്കാനാവില്ല. പല്ലിന് പല്ല്, കണ്ണിനു കണ്ണ് എന്നൊക്കെ പറയുന്നതുപോലെയുള്ള ഒരു പ്രാകൃത ശിക്ഷാരീതിയാണ് വധശിക്ഷ. ലോകത്തിലെ നൂറോളം രാജ്യങ്ങൾ വധശിക്ഷ ഉപേക്ഷിച്ചു കഴിഞ്ഞു. ചില രാജ്യങ്ങളുടെ നിയമപുസ്തകങ്ങളിൽ ഇപ്പോഴും വധശിക്ഷ നിലനിൽക്കുന്നുണ്ടെങ്കിലും പ്രയോഗത്തിൽ അതു നടപ്പാക്കാറില്ല. മനുഷ്യത്വത്തിന്ന് വലിയ വിലയൊന്നും കല്പിക്കാത്ത ചീന, ഇറാൻ തുടങ്ങിയ അല്പം ചില രാജ്യങ്ങളിലേ ഇന്ന് വധം ഒരു ശിക്ഷാവിധിയായി

പ്രയോഗത്തിലുള്ളൂ. ബ്രിട്ടീഷ് ശിക്ഷാനിയമം അതേപടി പകർത്തിവച്ചിരിക്കുന്ന ഇന്ത്യയുടെ നിയമ പുസ്തകത്തിലും വധശിക്ഷ അവശേഷിക്കുന്നുണ്ടെങ്കിലും അത്യപൂർവ്വമായേ അതെടുത്തു ഉപയോഗിക്കാറുള്ളൂ. “അപൂർവ്വങ്ങളിൽ വച്ച് അപൂർവ്വമായ” എന്നൊരു ശൈലിതന്നെ സുപ്രീം കോടതി ഇതിന്നായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഐക്യരാഷ്ട്ര സമിതിയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ജീവന്നുള്ള അവകാശം സർവ്വപ്രധാനമായി അംഗീകരിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചിട്ടുള്ള ഇന്ത്യക്ക് യഥാർത്ഥത്തിൽ വധശിക്ഷ നടപ്പാക്കാൻ അവകാശമില്ല. എന്നാൽ ഐക്യരാഷ്ട്രസമിതിയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തേക്കാളും നിയമഗ്രന്ഥങ്ങളിലെ വ്യവസ്ഥകളേക്കാളും പ്രധാനമായൊരു കാര്യമുണ്ട്. തിരിച്ചു കൊടുക്കാൻ കഴിയാത്തതൊന്നും എടുക്കുകയോ സ്വീകരിക്കുകയോ ചെയ്യരുത് എന്ന പ്രാഥമിക തത്വമാണത്. നമുക്ക് ഒരാളെ തൂക്കിലിടാൻ കഴിഞ്ഞുവെന്നുവരും; അത് അബദ്ധമായി എന്നു കണ്ടാൽ നമുക്ക് ആ ജീവൻ തിരിച്ചു നൽകാനാവില്ല. ഇന്ത്യയിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിക്ക് തെറ്റുപറ്റിയ അവസരങ്ങൾ പലതുണ്ടായിട്ടുണ്ട്. കേസുകൾ പുനർവിചാരണക്ക് വിധേയമാക്കി, വിധി മാറ്റിയെഴുതിയ സംഭവങ്ങൾ അപൂർവ്വമല്ല. ഈ വിധികളുടെ ഗതിവിഗതികൾക്കനുസൃതമായി ഒരാളുടെ ജീവൻ എടുക്കാനും കൊടുക്കാനും നമുക്കാവില്ല. ഒരു വിധിയനുസരിച്ച് ഒരാളെ തൂക്കിലിട്ടാൽ, അയാൾക്ക് പുനർ ജന്മം നൽകാൻ ആർക്കുമാവില്ല. അതുകൊണ്ടുതന്നെ കൊടുക്കാൻ വയ്യാത്തത് എടുക്കരുത്. ഈ അടിസ്ഥാന പ്രമാണം അംഗീകരിച്ചാൽ പിന്നെ വധശിക്ഷ പ്രസക്തമേയല്ലാതാകുന്നു.

ശരിയാണ്; അതിഹീനമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ സമൂഹത്തിലുണ്ടായെന്നുവരും. പല്ലിന് പല്ല് എന്ന തോതിലുള്ള ശിക്ഷാവിധികളല്ല ഇവരെ കൈകാര്യം ചെയ്യാൻ ആവശ്യമായി വരിക. ഇത്തരക്കാർക്കുള്ളതാണ് “ജീവപര്യന്തം കഠിന തടവ്” എന്ന ശിക്ഷാവിധി. അവരെ ജീവിക്കാൻ അനുവദിക്കുകയും അവരുടെ അധ്വാനശേഷിയെ സമൂഹത്തിന്നുള്ള മുതൽക്കൂട്ടായി മാറ്റുകയും ചെയ്യുന്നത് എത്ര പ്രയോജനകരമാകുമെന്ന് ചിന്തിച്ചു നോക്കൂ. ഒരാളെ തൂക്കിലിട്ടാൽ, അയാളെക്കൊണ്ടുള്ള ശല്യം തീരുമെന്നതുപോലെത്തന്നെ സമൂഹത്തിന്നുള്ള പ്രയോജനവും നഷ്ടപ്പെടുന്നു. നേരെമറിച്ച് അയാളെ വധിക്കാതിരുന്നാൽ അയാളുടെ അധ്വാനശേഷി സമൂഹത്തിന്നൊരു മുതൽക്കൂട്ടാവുമെന്നത് തീർച്ചയാണ്.

പ്രസക്തമായ മറ്റൊരു വശം കൂടി ഇതിനുണ്ട്. ദയ എന്നത് മനുഷ്യർക്കു മാത്രം വിധിക്കപ്പെട്ടിട്ടുള്ള ഒരു വികാരമാണ്. ഒരു മൃഗത്തിന്നോ വൃക്ഷത്തിന്നോ സസ്യത്തിന്നോ ദയ പ്രസക്തമേയല്ല. അതുപോലെ സ്ഥാനമാനങ്ങൾക്കും ദയ പ്രസക്തമല്ലാതാകുന്നു. അതുകൊണ്ട് പ്രതിഭ പട്ടീലിന്നോ അബ്ദുൾ കലാമിന്നോ ദയയുണ്ടാകാം. പക്ഷേ അത് രാഷ്ട്രത്തിന്റെ ദയയല്ല, രാഷ്ട്രപതിയുടേതുമല്ല. ഇന്ത്യ എന്നത് നൂറു കോടിയിൽപരം ആളുകളുള്ള രാജ്യമാണ്. അബ്ദുൾകലാമിന്ന് തോന്നാതിരുന്ന ദയ പ്രതിഭാ പട്ടീലിന്ന് തോന്നിയെങ്കിൽ അത് വ്യക്തിപരമാകണ്ടേ?

തൂക്കികൊല്ലാൻ വിധിക്കപ്പെട്ടവർ ദയാഹർജി സമർപ്പിച്ചത് പത്തുകൊല്ലം മുമ്പാണ്. ഇത്രകാലവും തോന്നാതിരുന്ന “ദയ” ഇപ്പോൾ തോന്നിയതെങ്ങനെയാണ്? പൊതുതിരഞ്ഞെടുപ്പിന്ന് ഇനി രണ്ടുകൊല്ലമേയുള്ളൂ. ഈയിടെ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലം വച്ചുനോക്കിയാൽ തമിഴ്നാട്ടിൽ ➡

കോൺഗ്രസ്സിന്നോ അവർ സവാരിക്കുപയോഗിക്കുന്ന ഡി.എം.കെ. ക്കോ പിടിച്ചുനിൽക്കാനൊരു വള്ളിപോലുമില്ല. നേരെമറിച്ച് മുൻ കേന്ദ്രമന്ത്രി രാജയുടേയും മറ്റും അഴിമതികൾ പുറത്തുവന്നതോടെ, ആഭ്യന്തരകാര്യമന്ത്രി ചിദംബരമുൾപ്പടെ അധികം കോൺഗ്രസ്സുകാർക്കൊന്നും ഇനി പാർലിമെന്റിൽ കയറിപ്പറ്റാനാവില്ല. തമിഴന്മാരോട് പെട്ടന്നിപ്പോൾ ഇങ്ങനെയൊരു ദയാവായ്പുണ്ടായത് ഈ തിരഞ്ഞെടുപ്പു ചിന്തകൊണ്ടാകണമെന്ന് ഒരാൾ കരുതിയാൽ അയാളെ പഴിപറയാനാകുമോ? ഏതായാലും ഇതിൽ ഉദ്ദേശശുദ്ധിയില്ല. പത്തുകൊല്ലത്തെ ജയിൽവാസത്തിന്നു ശേഷം, പെട്ടെന്നിങ്ങനെ പൂക്കുറ്റി കത്തുന്നതുപോലെ ഒരു ദയാവായ്പുണ്ടായതെങ്ങനെയാണെന്ന് ആഭ്യന്തര കാര്യമന്ത്രി ചിദംബരം മാത്രമല്ല, പ്രധാനമന്ത്രി മൻമോഹൻ സിങ്ങും വിശദീകരിക്കേണ്ടിയിരിക്കുന്നു. ❑

# വിവരാവകാശ നിയമത്തിലൂടെ ഒരു മന്ത്രിയെകൂടി കുടുക്കി

**- വജ്രേജ് പാണ്ഡെ -**

**അ**ങ്ങകലെ കിടക്കുന്ന അരുണാചല പ്രദേശിന്റെ തലസ്ഥാനമായ ഇടനഗറിൽ നടന്ന ഒരഴിമതിയുടേയും വിവരാവകാശ നിയമപ്രകാരം അതിന്നുണ്ടാക്കിയ പരിഹാരത്തിന്റേയും കഥയാണിത്. അഴിമതിയെ നേരിടാൻ വിവരാവകാശ നിയമത്തെ കരുവാക്കുന്ന ഒരു പൊതു പ്രവർത്തകനാണ് പ്യായി ഗ്യാഡി. അതിന്നദ്ദേഹത്തിന്നു ലഭിച്ച ശിക്ഷയാകട്ടെ പ്രതീക്ഷകളെയെല്ലാം അതിലംഘിക്കുന്നതായിരുന്നു. നാലു കേസിൽ ഗ്യാഡി ഇപ്പോൾ പ്രതിയാക്കപ്പെട്ടിട്ടുണ്ട്.



പ്യായി ഗ്യാഡി

കമ്പ്യൂട്ടർ ഉപയോഗിക്കാൻ കുട്ടികളെ പഠിപ്പിക്കുന്ന ചില ഇൻസ്റ്റിട്യൂട്ടുകളുടെ മേധാവിയാണ് ഗ്യാഡി. തന്റെ വിദ്യാലയങ്ങളിലേക്ക് പരിശീലകരെ ആവശ്യമുണ്ടെന്നു കാണിച്ചുകൊണ്ട് ഇദ്ദേഹം ഈയിടെ പത്രങ്ങളിൽ ഒരു പരസ്യം നൽകിയിരുന്നു. പ്രതീക്ഷകളെയെല്ലാം അതിലംഘിക്കുന്നതായിരുന്നു അതിന്നുണ്ടായ പ്രതികരണം. അപേക്ഷകരുടെ ഒരു വെള്ളപ്പൊക്കം തന്നെയുണ്ടായപ്പോൾ ഗ്യാഡി അത്ഭുതപ്പെട്ടുപോയി. ഇതിനെത്തുടർന്നാണ് ഗ്യാഡി ഒരന്വേഷണത്തിന്നു മുതിർന്നത്. ഡോക്ടറേറ്റ് ബിരുദമുള്ളവർപോലും ഇത്തരം നിസ്സാര ജോലികൾക്ക് അപേക്ഷിക്കു

ന്നതുകണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. ഡോക്ടറേറ്റുള്ള അപേക്ഷകരിൽ ചില രുമായി നേരിട്ടു സംസാരിച്ചപ്പോഴാണ് സ്ഥിതിഗതികളുടെ ഗൗരവാവസ്ഥ ഗ്യാഡിക്ക് ബോധ്യപ്പെട്ടത്.

എന്തുകൊണ്ട് ഇവർ സർക്കാർ ജോലിക്കൊന്നും അപേക്ഷിക്കുന്നില്ല? ബിരുദാനന്തര ബിരുദമുള്ള ചിലരുമായി ഉള്ളു തുറന്നു സംസാരിച്ചപ്പോൾ അദ്ദേഹത്തിന്ന് സ്ഥിതിഗതികളുടെ ഒരു ഏകദേശ ജ്ഞാനം പിടികിട്ടി. ചുരുക്കം ഇതാണ്: സർക്കാർ ജോലിയെല്ലാം ഭരണകക്ഷിക്കാർ പങ്കിട്ടെടുക്കുകയാണ്. സാധാരണക്കാർക്ക് അതൊരു ബാലികേറാമലയാണ്.

ഇതു സംബന്ധിച്ച അന്വേഷണത്തിന്ന് അദ്ദേഹം വിവരാവകാശ നിയമത്തെ കരുവാക്കി. അഴിമതിക്കെതിരെ പോരാടാൻ അതേ മാർഗ്ഗമുള്ളൂ. പക്ഷെ വമ്പന്മാരെ നേരിടുക എന്നത് വിചാരിച്ചത്ര എളുപ്പമായിരുന്നില്ല. ഇതിന്നുമുമ്പ് വിവരാവകാശ നിയമം എടുത്തു പ്രയോഗിച്ച ഒരാൾക്കുണ്ടായ ദുരനുഭവങ്ങളെപ്പറ്റി ഗ്യാഡിക്ക് അറിയാമായിരുന്നു. നിയമവിരുദ്ധമായ നിയമനങ്ങൾക്കെതിരെ ഒരാൾ കേസ് കൊടുത്തു. ഗുണ്ടകളെ വിട്ട് പരാതിക്കാരനെ ഒതുക്കാനാണ് അവർ ആദ്യം ശ്രമിച്ചത്. പക്ഷെ ഗുണ്ടകൾ ആക്രമണം നടത്തിയ അവസരത്തിൽ സമരക്കാരൻ വീട്ടിലുണ്ടായിരുന്നില്ല. തന്മൂലം അവർ സമരക്കാരന്റെ കാറിന്ന് തീവെച്ചു. ഈ സംഭവത്തിന്ന് വമ്പിച്ച പ്രചാരവും ലഭിച്ചു. ഗ്യാഡിയും സഹപ്രവർത്തകരും കഴിയുന്ന സഹായമെല്ലാം ചെയ്തുകൊടുത്തിട്ടും ഫലമുണ്ടായില്ല. പോലീസ് ഒരാളെ പിടികൂടി. പക്ഷെ അല്പദിവസ്ത്തിന്നകം സമരക്കാരൻ ഒരു കൃത്രിമ സംഘട്ടനത്തിൽ പെട്ട് കൊല്ലപ്പെട്ടു. ഈ സംഭവത്തോടെ അഴിമതി വിരുദ്ധ സമരക്കാർ പിന്മാറി.

ഇതിങ്ങനെ വിട്ടാൽ പറ്റില്ലെന്നു കരുതി താനും സഹപ്രവർത്തകരും രംഗത്തിറങ്ങിയെന്ന് ഗ്യാഡി പറയുന്നു. സർക്കാർ ഉദ്യോഗങ്ങളിൽ സ്വന്തക്കാരെ തിരുകി കയറ്റിയതിന്നുള്ള തെളിവും തേടി പുറപ്പെട്ടപ്പോഴാണ് അതിലെ വൈഷമ്യങ്ങൾ ബോധ്യപ്പെട്ടത്.

ആരോഗ്യ കാര്യമന്ത്രി അരുൺ വെല്ലിക്കെതിരെ പല കേസുകളും രജിസ്റ്റർ ചെയ്തു. മന്ത്രിയുടെ ഭാഗത്തുനിന്നുള്ള സമ്മർദ്ദങ്ങൾ ലഘൂകരിക്കലായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. എന്തുവന്നാലും ശരി നാട്ടുകകാർക്ക് ഒരു മാതൃകയായി നിൽക്കാൻതന്നെ ഗ്യാഡി ഉറപ്പിച്ചു.

2007 സെപ്തംബറിൽ മന്ത്രി വെല്ലിയുടെ മകൻ അകൂങ് എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു. ഗൗഹതി സർവ്വകലാശാലയുടെ കീഴിലുള്ള പ്രാഗ് ജ്യോതിഷ് കോളേജിൽ നിന്നുള്ള ബിരുദ സർട്ടിഫിക്കറ്റാണ് അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ടിരുന്നത്.

2010ൽ വെല്ലി സാംസ്കാരികകാര്യമന്ത്രിയായി നിയമിക്കപ്പെട്ടു. ഈ ഘട്ടത്തിൽ വെല്ലിയുടെ മകൾ ആനൂങ് സാംസ്കാരിക വകുപ്പിന്റെ കീഴിൽ സാമൂഹ്യ-സാംസ്കാരിക സംഘാടകയായി നിയമിതയായി. അരുണാചലപ്രദേശിലെ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ആയി പ്രവർത്തിച്ചുവരുന്ന തോങ്ജിയായിരുന്നു അന്ന് സാംസ്കാരിക വകുപ്പിലെ സെക്രട്ടറി: അനൂങ്ങും ജോലിക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നതും ഗൗഹതി സർവ്വകലാശാലയുടെ കീഴിലുള്ളതു ബൽതോല കോളേജിൽനിന്നുള്ള ബിരുദ സർട്ടിഫിക്കറ്റായിരുന്നു.

ഒരു മന്ത്രിയുടെ രണ്ടുമക്കളും സർക്കാർ സർവ്വീസിൽ നിയമിതമായതിൽ ഗ്യാഡിക്ക് എന്തോ പന്തികേട് തോന്നി. തന്മൂലം അകൂങ്ങിന്റേയും അനൂങ്ങിന്റേയും സർട്ടിഫിക്കറ്റുകളുടെ കോപ്പിക്കായി അദ്ദേഹം വിവരാവകാശ നിയമപ്രകാരം സർവ്വകലാശാലയിൽ ഒരു അപേക്ഷ സമർപ്പിച്ചു. രണ്ടു കോളേജിൽനിന്നും കയ്യോടെ മറുപടി കിട്ടി. ഇങ്ങനെയൊരാൾ തങ്ങളുടെ കോളേജിൽ പഠിച്ചിട്ടേയില്ലെന്നാണ് രണ്ടു പ്രിൻസിപ്പൽമാരും എഴുതിയിരുന്നത്. അതുകൊണ്ടുതന്നെ തങ്ങളുടെ കോളേജിൽനിന്ന് ബിരുദം നേടുന്ന പ്രശ്നമേയില്ലെന്നും അവർ വ്യക്തമാക്കി. വിവരാവകാശ നിയമപ്രകാരം നേടിയ ഈ അറിവുംവച്ച് ഗ്യാഡി എക്സൈസ് വകുപ്പിനേയും സാംസ്കാരിക വകുപ്പിനേയും സമീപിച്ചു. നിയമവിരുദ്ധമായ ഈ നിയമനങ്ങൾ റദ്ദാക്കി നിയമാനുസൃതം നിയമനം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷെ സർക്കാർ അനങ്ങിയില്ല. തന്മൂലം ഗ്യാഡിയും കൂട്ടുകാരും പോലീസ് സ്റ്റേഷനിൽ ചെന്ന് ഒരു FIR സമർപ്പിക്കാൻ ശ്രമിച്ചു. അവർ ഇങ്ങനെയൊരു പരാതി രജിസ്റ്റർ ചെയ്യാൻ പോലും വിസമ്മതിക്കുകയാണുണ്ടായത്. തന്മൂലം അവർ പോലീസ് സൂപ്രണ്ടിനെ സമീപിച്ചു. ഫലമുണ്ടായില്ല; പിന്നീട് സാക്ഷാൽ ഡി.ജി.പി.യെ തന്നെ സമീപിച്ചു.

ഇതൊക്കെയായിട്ടും ഒരനക്കവുമില്ലെന്നു കണ്ടപ്പോൾ ഗ്യാഡിയും സുഹൃത്തുക്കളും കൂടി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിനെ സമീപിച്ചു. അവിടേയും രക്ഷയില്ലെന്നു കണ്ടപ്പോഴാണ് ഗ്യാഡിയും കൂട്ടുകാരും ചേർന്ന് സെഷൻസ് കോടതിയിൽ ഒരു ഹർജി സമർപ്പിച്ചത്. ഗൗഹതി ഹൈക്കോടതിയെ സമീപിക്കാനാണ് സെഷൻസ് കോടതി ഉപദേശിച്ചത്.

സർവ്വകലാശാലയിൽ നടന്നത് നിയമവിരുദ്ധമായ നിയമനമാണെന്ന് സ്ഥാപിക്കാൻ സാധാരണ പോലീസുകാർ മുതൽ മേൽപ്പോട്ട് ചവിട്ടിക്കയറാവുന്ന പടികളെല്ലാം കയറിയിട്ടും ഒരു ഫലവുമുണ്ടായില്ലെന്നത് എല്ലാവരുടേയും കണ്ണു തുറപ്പിക്കേണ്ട ഒരു കാര്യമാണ്.

ഗ്യാഡി അവസാനം ഗൗഹതി ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിക്കുകതന്നെ ചെയ്തു. കാര്യങ്ങൾ ബോധ്യപ്പെട്ട ഹൈക്കോടതി ഗ്യാഡിയുടെ പരാതിയിൽ കാമ്പുണ്ടെന്നും മന്ത്രിക്കു പുറമെ, മന്ത്രിയുടെ മക്കളായ അകും, ആനൂങ് എന്നിവർക്കെതിരെയും FIR രജിസ്റ്റർ ചെയ്യണമെന്നും പോലീസിന്ന് കർക്കശ നിർദ്ദേശം നൽകി.

എന്നാൽ ഹൈക്കോടതിയുടെ കല്പനയനുസരിച്ച് FIR രജിസ്റ്റർ ചെയ്യാൻ പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ അവരത് വീണ്ടും തിരസ്കരിച്ചതായി ഗ്യാഡി പറയുന്നു. തന്മൂലം പോലീസിന്നെതിരെ ഒരു കോർട്ടലക്ഷ്യക്കേസ് ഹൈക്കോടതിയിൽ സമർപ്പിച്ചു. ഒടുവിൽ മാർച്ച് നാലാംതിയ്യതി അരുൺ വെല്ലിക്കും തോങ്ജിക്കുമെതിരായി FIR രജിസ്റ്റർ ചെയ്തു.

ഗ്യാഡിയുടെ ദുരിതം ഇവിടം കൊണ്ടും തീരുന്നില്ല. ജൂൺ അഞ്ചാം തിയ്യതി ഗ്യാഡിയുടെ ഒരു ബന്ധു മാർക്കറ്റിൽ പോകാനായി ഗ്യാഡിയുടെ കാർ കടം വാങ്ങി. ആ ബന്ധു ചെന്ന് കാറിന്റെ വാതിൽ തുറന്നപ്പോൾ കണ്ട കാഴ്ച നടുക്കുന്ന ഒന്നായിരുന്നു. കാറിൽ ഒരു കൈതോക്കും നാലു കൈബോബും കിടക്കുന്നു. അയാൾ ഓടിവന്ന് ഗ്യാഡിയോട് വിവരം പറഞ്ഞു. ഗ്യാഡി പുറത്തുവന്നു നോക്കിയപ്പോൾ യൂനിഫോം ധരിക്കാത്ത ചില പോലീസുകാർ അവിടെ പതുങ്ങി നടക്കുന്നതായി കണ്ടു. ഉടനെ ഗ്യാഡി തന്റെ മൊബൈൽ ക്യാമറ ഉപയോഗിച്ച് ആ തിരുമാലികളുടെ വീഡിയോ ചിത്രങ്ങളെടുക്കാൻ തുടങ്ങി.

# ഇരുപത് കൊല്ലത്തിന്നിടയിൽ പതിനെട്ടു സ്ഥലം മാറ്റം!

- പുഷ്പ അയ്യങ്കാർ -

**മ**ധുരയിലാണ് സംഭവം. വേനൽക്കാലത്തെ ചുട്ടുപൊള്ളുന്ന ഒരു സായാഹ്നം. കലക്ടർ യു. സഗായം കാറിൽ പോകുന്നു. തൊട്ടു മുന്നിൽ ഒരു ചെറുപ്പക്കാരൻ ഒരു മോട്ടോർ സൈക്കിളിൽ പോകുന്നു. മൊബൈൽ ഫോണിൽ ആരോടോ സംസാരിച്ചുകൊണ്ടാണ് സവാരി. ബൈക്കിനെ മറികടന്ന് അതിനെ തടഞ്ഞു നിർത്താൻ കലക്ടർ തന്റെ ഡ്രൈവർക്ക് നിർദ്ദേശം നൽകി.

മൊബൈലിൽ സംസാരിച്ചുകൊണ്ട് ബൈക്കിൽ യാത്ര നടത്താൻ പാടില്ലെന്ന നിയമം അറിയില്ലേ എന്നു കലക്ടർ ചോദിച്ചു. നിയമം ലംഘിച്ച ബൈക്ക് യാത്രക്കാരന് കൈയ്യോടെ ശിക്ഷയും വിധിച്ചു. 24 മണിക്കൂറിന്നകം പത്ത് വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുക.

അസാധാരണമായൊരു ശിക്ഷാരീതിയാണിതെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാകും. പക്ഷെ കലക്ടർ സഗായത്തിന്റെ രീതികൾ അങ്ങനെയൊക്കെയാണ്. കലക്ടറേറ്റിൽ സഗായത്തിന്റെ കസേരക്ക് മുകളിലായി ചുവരിൽ ഒരു ബോർഡ് കാണാം: "കൈക്കോഴ നിരസിക്കുക നിങ്ങളുടെ തല ഉയർത്തിപ്പിടിക്കുക".

കലക്ടർ സുഗായത്തിന്റെ വിശ്വാസപ്രമാണമാണത്. രാഷ്ട്രീയക്കാർക്ക് പലപ്പോഴും വിഷമം തോന്നും. അവർ ആഗ്രഹിച്ചതുപോലെയൊന്നും കാര്യം നടക്കില്ല. ഫലം സ്ഥാനഭ്രംശം. കഴിഞ്ഞ 20 കൊല്ലത്തിന്നിടയിൽ പതിനെട്ടു തവണ സ്ഥലം മാറ്റത്തിന്ന് സഗായം ഇരയായത് അങ്ങനെയാണ്. മാത്രമല്ല സഗായത്തിന്ന് ഔദ്യോഗികരംഗത്ത് മിത്രങ്ങളേക്കാളേറെ ശത്രുക്കളാണുള്ളത്. ഈ ശത്രുക്കളിൽ വമ്പന്മാരായ ഉദ്യോഗസ്ഥന്മാരുണ്ട്; ഏറ്റവും താഴെക്കിടയിലുള്ള ജീവനക്കാരുമുണ്ട്.

അപകടകരമായ ഒരു മുദ്രാവാക്യമാണ് ഞാൻ തലക്കു മുകളിൽ എഴുതിവച്ചിരിക്കുന്നതെന്ന് എനിക്കറിയാം. അതൊരുപക്ഷെ ശത്രുക്കളെ സൃഷ്ടിക്കുന്നുണ്ടാകാം. എന്നാൽ ജോലിയിൽ പ്രവേശിച്ചതു മുതൽ ഇന്നേവരെ എന്റെ മുദ്രാവാക്യമാണത്. അഴിമതിക്കെതിരെ നട്ടെല്ലു നിവർത്തി നിൽക്കുക എന്നത് പെട്ടെന്നു തുടങ്ങിവച്ചതോ, ഒരു ഉച്ചക്കമ്പമോ മാത്രമല്ല. ഞാൻ എന്നും അങ്ങനെയായിരുന്നു; ഇനിയും അങ്ങനെ തന്നെയായിരിക്കുകയും ചെയ്യും എന്നു സഗായം പറയുന്നു. ➡

---

അതോടെ അവർ സ്ഥലം വിട്ടു. ഗ്യാഡി കാറെടുത്ത് പുറത്തിറങ്ങുമ്പോൾ വെടിവച്ചു കൊല്ലാനായിരുന്നു പ്ലാനെന്ന് വ്യക്തം. പോലീസുമായുള്ള ഏറ്റുമുട്ടലിൽ ഒരു "ഭീകരൻ" മരിച്ചുവെന്ന് സ്ഥാപിക്കാനായിരുന്നു പ്ലാനെന്ന് വ്യക്തം. സംഘട്ടനം നടന്നതിന്റെ തെളിവിന്നായിട്ടായിരുന്നു കാറിൽ കൈത്തോക്കും കൈബോംബും സ്ഥാപിച്ചിരുന്നതെന്നും വ്യക്തം. പോലീസ് ചിലരെ അറസ്റ്റ് ചെയ്തുവെങ്കിലും അതെല്ലാം വെറും വേഷമായിരുന്നു. കേസ് ഇപ്പോഴും തുടരുകയാണ്. ഗ്യാഡിക്ക് എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാമെന്നതാണ് സ്ഥിതി. ❏





മധുര കലക്ടർ യു. സഗായം ഗ്രാമീണർക്കിടയിൽ

രണ്ടുകൊല്ലം മുമ്പ് നമക്കൽ ജില്ലാ കലക്ടറായിരിക്കുമ്പോൾ സഗായം ആരും ആവശ്യപ്പെടാതെ തന്നെ സ്വത്തുവിവരം പ്രഖ്യാപിച്ചു - ബാങ്കിൽ 7172 രൂപ ബാലൻസുണ്ട്, മധുരയിൽ ഒമ്പതു ലക്ഷം രൂപ വിലമതിക്കുന്ന ഒരു വീടുണ്ട്. ആസ്മയുടെ ശല്യമുള്ള മകൾ യാലിനിക്ക് ഒരിക്കൽ രോഗം മൂർഛിച്ചപ്പോൾ ആ കുട്ടിയെ ഒരു പ്രൈവറ്റ് ആസ്പത്രിയിൽ പ്രവേശിപ്പിക്കാൻ വേണ്ട 5,000 രൂപയില്ലാതെ കഷ്ടപ്പെട്ടു. അന്ന് അദ്ദേഹം എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി കമ്മീഷണറായിരുന്നു. കോയമ്പത്തൂരിലായിരുന്നു ജോലി. അവിടെയാണെങ്കിൽ 650 മദ്യ ലൈസൻസുകൾ നൽകാനുമുണ്ടായിരുന്നു. അതുവരെ ഒരു ലൈസൻസിന്ന് 10,000 രൂപ വീതമാണ് അവിടെ കൈക്കോഴ നൽകിവന്നിരുന്നതെന്നു ശ്രുതിയുണ്ടായിരുന്നു.

സഗായം മധുരയിൽ എത്തിയതോടെ ത്തന്നെ അവിടത്തെ ശുദ്ധീകരണ പ്രവർത്തനങ്ങളും ആരംഭിച്ചു. പ്രധാന ബസ്സ് സ്റ്റാൻഡ് കണ്ടാൽ അതൊരു ബസ്സ് സ്റ്റാന്റായിട്ടല്ല, ചന്തയായിട്ടാണ് തോന്നുക. ബസ്സുകൾ ഇടേണ്ട ഷെൽട്ടറുകളും യാത്രക്കാർ കാത്തുനിൽക്കേണ്ട വെയിറ്റിങ് ഷെഡുകളുമെല്ലാം കച്ചവടക്കാർ കയ്യേറിയിരുന്നു ബസ്സ് സ്റ്റാൻഡിലെ പോലീസ് ഔട്ട് പോസ്റ്റ് പോലും കച്ചവടക്കാർ കൈവശപ്പെടുത്തിയിരുന്നു. ബിസിനസ്സെല്ലാം എണ്ണ ഒഴിച്ച യന്ത്രം പോലെ സുഗമമായി നടന്നിരുന്നു. ആരെല്ലാം, ആർക്കെല്ലാം, എത്രയെല്ലാം കൈമടക്കായി നൽകണമെന്നതിന്ന് കൃത്യമായ കണക്കുണ്ടായിരുന്നു. രാഷ്ട്രീയക്കാർക്കും പോലീസിന്നുമെല്ലാം കൃത്യമായി പണം നൽകിക്കൊണ്ടിരിക്കണം.

കലക്ടർ സഗായത്തിന്റെ ആരാധകരിലൊരാളായ ടാക്സി ഡ്രൈവർ നാഗേശ്വറിന് പറയാനുള്ളത് ഇതാണ്. "ആളൊരു കർക്കശ മനുഷ്യനാണ് ആരുടെയെങ്കിലും കയ്യിൽനിന്ന് പത്തു പൈസ പോലും വാങ്ങിയതായി കേട്ടിട്ടില്ല. ചില സിനിമകളിൽ കണ്ടിട്ടില്ലേ, നട്ടെല്ലുള്ള ചില കലക്ടർമാരെ? അത്തരത്തിൽ ആർജ്ജവ ബുദ്ധിയുള്ള ഒരു കലക്ടർ.

നിയമത്തിലും സാമൂഹ്യ പ്രവർത്തന

ത്തിലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള കലക്ടർ സഗായത്തിന് ഒരു ഭരണാധികാരിയെന്ന നിലയിൽ പ്രവർത്തിക്കാൻ ഈ ഉന്നത ബിരുദങ്ങൾ സഹായകമാകുന്നു. നിയമ പുസ്തകങ്ങളിലെ വ്യവസ്ഥകളൊക്കെ അദ്ദേഹത്തിന്ന് നന്നായറിയാം. വേണ്ട ദിക്കിൽ അവയെടുത്തു പ്രയോഗിക്കാൻ പേടിയുമില്ല. പ്രതിയോഗി എത്ര പ്രബലനായാലും സഗായത്തിന്നൊരു കൂസലുമുണ്ടാകാറില്ല. ഇത്തരമൊരാൾക്ക് സർക്കാർ സർവ്വീസിൽ ഏറെ പരിക്കേൽക്കുമെന്ന് പറയേണ്ടതില്ലല്ലോ.

കാഞ്ചീപുരത്ത് റവന്യൂ ഓഫീസറായിരുന്ന കാലത്ത് അദ്ദേഹത്തിന്ന് മണൽ മാഫിയയെ നേരിടേണ്ടിവന്നു. മണൽ കച്ചവടക്കാർ പാലാർ നദിയെ അടിയോടെ വാരിക്കൊണ്ടു പോകുകയാണ് പതിവ്. ഇത് വെള്ളപ്പൊക്കത്തിന്നിടയാക്കാറുണ്ട്. ജനങ്ങൾ പൊറുതിമുട്ടി കഴിയുകയായിരുന്നു. ആർ. ഡി.ഒ. വിന്ന് സംശയമൊന്നുമുണ്ടായില്ല. നദിയിൽനിന്ന് വാരിയെടുക്കാവുന്ന മണലിന്ന് അദ്ദേഹം പരിധി നിശ്ചയിച്ചു. മണൽ മാഫിയക്കാർ ഗുണ്ടകളെ വിട്ട് ഭീഷണിപ്പെടുത്തിയെങ്കിലും സഗായം കുലുങ്ങിയില്ല.

വമ്പന്മാരായ ഒരു ബഹുരാഷ്ട്ര ശീതള പാനീയക്കാരേയും സഗായം ഇതുപോലെ നേരിടുകയുണ്ടായി. ഒരു ഉപഭോക്താവ് വാങ്ങിയ ഒരു ശീതള പാനീയ കുപ്പിയിൽ മാലിന്യങ്ങൾ ഒഴുകി നടക്കുന്നതായി കണ്ടു. അയാളത് സഗായത്തെ കാണിച്ചു. സഗായം ഉടനെ അത് മുദ്രവച്ച് പരിശോധനക്കയക്കുകയും ശീതളപാനീയ നിർമ്മാണ ശാല പൂട്ടി മുദ്രവയ്ക്കുകയും അവരുടെ ശീതള പാനീയത്തിന്റെ വില്പന നിരോധിക്കുകയും ചെയ്തു.

ഇതിലും ഉഗ്രമായൊരു സംഘട്ടനത്തെയാണ് ചെന്നൈയിൽ സഗായത്തിന്നു നേരിടേണ്ടിവന്നത് ഒരു വൻകിട റസ്റ്റോറന്റുകാർ അവിടെ നാലേക്കർ പുറംപോക്ക് കയ്യേറിയിരുന്നു. അതിന്നു കമ്പോളവില 200 കോടി രൂപവരും. സഗായം ഇടംവലം നോക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും ഭൂമി വീണ്ടെടുക്കുകയും ചെയ്തു.

അപ്പോൾ മധുരയിലെ ലോകസഭാ തിരഞ്ഞെടുപ്പിന്റെ മേൽനോട്ടത്തിന്ന് എലക്ഷൻ കമ്മീഷൻ സഗായത്തെ തന്നെ തിരഞ്ഞെടുത്ത് നിയോഗിച്ചതിൽ അത്ഭുതപ്പെടാനില്ല. മുഖ്യമന്ത്രി കെ. കരുണാനിധിയുടെ പുത്രനായ എം.കെ. അഴഗിരിയുടെ തട്ടകമാണ് മധുര. അഴഗിരിയുടെ ഗുണ്ടാപടയെ പേടിച്ച് അവിടെ ഒരാളും അനങ്ങുക പോലും പതിവല്ല. ഇത്രകാലവും സഗായത്തിന്റെ വലംകയ്യായി പ്രവർത്തിച്ചു വന്നിട്ടുള്ള വിമല ഈ തിരഞ്ഞെടുപ്പു കാര്യത്തിൽ പതറിപ്പോയി. ഗുണ്ടകളിൽനിന്നുള്ള ഭീഷണി അത്രമാത്രം രൂക്ഷമായിരുന്നു.

കലക്ടർ സഗായത്തിന്റെ പെരുമാറ്റം കലവറയില്ലാത്തതാണ് എല്ലാ തിങ്കളാഴ്ചകളിലും സഗായത്തിന്റെ ഡർബാറുണ്ട്. ആർക്കും അവിടെ കയറിച്ചെന്ന് പരാതി പറയാം. ജില്ലയിൽ ഭരണ സംബന്ധമായ കാര്യങ്ങൾക്കായി പര്യടനത്തിന്നിറങ്ങുമ്പോൾ സഗായം ഒരു സ്കൂൾ ബസ്സ് തടഞ്ഞുനിർത്തി സ്കൂളിലെ കാര്യങ്ങളെപ്പറ്റി വിദ്യാർത്ഥികളോട് ചോദിച്ചു മനസ്സിലാക്കും; ചിലപ്പോൾ ഏതെങ്കിലും ക്ലാസിൽ കയറി ക്ലാസെടുത്തുവെന്നും വരും.

ഈയിടെ ഒരു ഗ്രാമത്തിലെ യാത്രക്കിടയിൽ 92 വയസ്സുള്ള ഒരു വൃദ്ധ അരി പൊടിക്കുന്നത് കലകടർ കണ്ടു. അദ്ദേഹം കാർ നിർത്തി വിവരം ചോദിച്ചു. തനിക്ക് വേറെ ഉപജീവനമാർഗ്ഗമൊന്നുമില്ലെന്നായിരുന്നു വൃദ്ധയുടെ മറുപടി. കലക്ടർ അവിടെ വച്ചുതന്നെ ➡ അവർക്ക് 1000 രൂപയുടെ പ്രതിമാസ പെൻഷൻ അനുവദിച്ചു.

ഗ്രാമീണ ഭരണം വികേന്ദ്രീകരിച്ചാലേ ഗ്രാമീണരുടെ സ്ഥിതി നന്നാക്കാൻ കഴിയൂ എന്ന് ഒരു ഗാന്ധി ഭക്തൻ കൂടിയായ കലക്ടർ സഗായം പറയുന്നു. സഗായത്തിന്ന് പലപ്പോഴും ഉൾനാടൻ ഗ്രാമീണ വിദ്യാലയങ്ങളിൽ കിടന്നുറങ്ങേണ്ടിവരാറുണ്ട്. ചില വില്ലേജ് ഓഫീസർമാർക്കെതിരെ നടപടിയെടുത്തപ്പോൾ ജില്ലയിലെ വില്ലേജ് ഓഫീസർമാർ ശക്തിയായി പ്രതിഷേധിച്ചു. അവർ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് സഗായത്തെ സ്ഥലം മാറ്റി. പക്ഷെ ജനക്കൂട്ടം തടഞ്ഞിട്ടതിനാൽ രാഷ്ട്രീയക്കാർക്ക് തൽക്കാലം പിൻവാങ്ങേണ്ടിവന്നു.

പുതുക്കോട്ടയിലെ ഒരു കർഷകന്റെ നാലു പുത്രന്മാരിൽ ഏറ്റവും ഇളയവനാണ് സഗായം. ❏

# പുതിയ മദ്യനയവും ആത്മവഞ്ചനയും

കേരളത്തിൽ ഈയിടെ നടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരമേറ്റ, ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള പുതിയ ഐക്യമുന്നണി ഗവർമ്മേണ്ട് പുതിയൊരു മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ മദ്യപിച്ച് നശിക്കുന്നത് തടയുക എന്നതാണ് തങ്ങളുടെ "നയ"ത്തിന്റെ കാതലെന്ന് ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള എല്ലാ ഗവർമ്മേണ്ടുകളും അവകാശപ്പെടാറുണ്ട്. ഇപ്പോഴത്തെ ഐക്യമുന്നണി ഗവ്വമ്മേണ്ട് പറയുന്നതും അതാണ്. ഏതായാലും ജനങ്ങളെ കുടിപ്പിക്കുന്നതിലൂടെ ഖജനാവലെത്തുന്ന പണം കുറയാതിരിക്കാൻ എല്ലാ ഗവർമ്മേണ്ടുകളും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഉമ്മൻചാണ്ടിയുടെ ഗവർമ്മേണ്ടും അതിൽനിന്ന് വ്യത്യസ്തമല്ല.

മദ്യം ഉപയോഗിക്കുന്നത് നിയന്ത്രിക്കുക എന്നതാണ് ഗവർമ്മേണ്ടിന്റെ നയമെന്ന് ഉമ്മൻചാണ്ടിയുടെ മന്ത്രിസഭയിലെ എക്സൈസ് മന്ത്രിയായ കെ. ബാബു അവകാശപ്പെടുന്നു. മാത്രമല്ല, ഇതിന്നുമുമ്പൊരു ഗവർമ്മേണ്ടും മദ്യപാനം നിയന്ത്രിക്കാനും ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കാനും, ബാറുകളുടെ "എണ്ണത്തിലുണ്ടാകുന്ന വർധന" നിയന്ത്രിക്കാനും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവു കുറക്കാനും ശ്രമിച്ചിട്ടില്ലെന്നും മന്ത്രി ബാബു പറയുന്നുണ്ട്. (മുൻ ഗവർമ്മേണ്ടുകൾ എന്നു പറയുന്നതിൽ മുമ്പിവിടെ ഉണ്ടായിരുന്ന ഐക്യ ജനാധിപത്യ മുന്നണിയുടെ ഗവർമ്മേണ്ടുകളും പെടുമോ എന്നറിയില്ല.)

പഴയ മദ്യനയപ്രകാരം പുലർച്ചമുതൽ പാതിരാവരെ ബാറുകൾക്ക് പ്രവർത്തിക്കാമായിരുന്നുവെന്നും എന്നാൽ ഇപ്പോഴത്തെ പുരോഗമനാത്മക നയ പ്രകാരം അതിൽ മൂന്നു മണിക്കൂർ വെട്ടിക്കുറച്ചിട്ടുണ്ടെന്നും മന്ത്രി ബാബു പറയുന്നു. ഇത് വലിയൊരു പരിഷ്ക്കാരമാണെന്നതിൽ സംശയമില്ല. ദാഹിച്ചു പൊരിഞ്ഞാലും ശരി കുടിയന്മാർക്കിനി രാവിലെ എട്ടുമണി കഴിഞ്ഞേ മദ്യം കിട്ടൂ!

ഇത്രമാത്രമല്ല കാര്യം. രണ്ടു ബാറുകൾക്കിടയിലുണ്ടാകേണ്ട ദൂരം ഇതുവരെ നിർണ്ണയിച്ചിരുന്നില്ല. ഇനിമേൽ പഞ്ചായത്ത്- മുനിസിപ്പൽ മേഖലകളിൽ ബാറുകൾക്കിടയിൽ മൂന്നു കിലോമീറ്ററെങ്കിലും (അതായത് 3000 മീറ്റർ) അകലം ഉണ്ടാകണം. കോർപ

# വിവരാവകാശത്തിന്നൊരു രക്തസാക്ഷി കൂടി

**- ചന്ദ്രാനി ബാനർജി -**

**വി**വരാവകാശ നിയമം ഉപയോഗിച്ച് നിങ്ങൾക്ക് അഴിമതി തടയാം; പക്ഷെ അതിന്നു നൽകേണ്ടിവരുന്നത് ചിലപ്പോൾ സ്വജീവൻ തന്നെയായെന്നുവരും. വിസിലടിക്കുന്നവരെ സംരക്ഷിക്കുക എന്നത് തങ്ങളുടെ ബാധ്യതയാണെന്ന് ഗവർമ്മേണ്ടിന്ന് ഇന്നും തോന്നിത്തുടങ്ങിയിട്ടില്ല.

മധ്യപ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഭോപ്പാലിൽ ആഗസ്ത് 16ന്ന് നട്ടുച്ച നേരത്ത് ഷേഹ്‌ല മസൂദിന്ന് വെടിയേറ്റ് മരിക്കേണ്ടിവന്നത് അതാണ് സൂചിപ്പിക്കുന്നത്. വിവരാവകാശ നിയമം ഉപയോഗിച്ച് ഒട്ടേറെ അഴിമതികൾ പുറത്തുകൊണ്ടുവന്ന യുവതിയാണ് ഷേഹ്‌ല എവിടെ അഴിമതി നടക്കുന്നതായി വിവരം കിട്ടിയാലും ഷേഹ്‌ല വിവരാവകാശ നിയമം ഉപയോഗിച്ച് കള്ളത്തരം പുറത്തുകൊണ്ടുവരും. സ്വാഭാവികമായും ഇത് ഒട്ടേറെ ശത്രുക്കളെ സൃഷ്ടിച്ചിട്ടുണ്ട്. രാഷ്ട്രീയ രംഗത്തും ഉദ്യോഗസ്ഥ മണ്ഡലത്തിലുമുള്ള ഒട്ടേറെ കൊലകൊമ്പന്മാർ ഇതിൽ പെടും. ഇവരെല്ലാം ഷേഹ്‌ലയെ ഭീഷണിപ്പെടുത്താറുമുണ്ട്. ഷേഹ്‌ലയാകട്ടെ, കൊലകൊമ്പന്മാർ ഉയർത്തിവരുന്ന ➡

ഓരോ ഭീഷണിയുടേയും വിവരം അതത് സമയത്തുതന്നെ അധികൃതരെ അറിയിക്കാറുമുണ്ട്. കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി പി. ചിദംബരം മുതൽക്ക് കീഴോട്ടുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം അവർ ഈ ഭീഷണികളുടെ വിവരം അറിയിക്കാറുണ്ടായിരുന്നു. എന്നാൽ ആരും ഒന്നും ചെയ്തില്ല. "വകൃതി കാണിച്ചാൽ അങ്ങനെയൊക്കെയായിരിക്കും" എന്നൊരു മനോഭാവമാണ് അവർ പ്രകടിപ്പിച്ചത്.

അന്ന ഹസാരെ നടത്തി വരുന്ന അഴിമതി വിരുദ്ധ സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനായി ആഗസ്ത് 16ന്ന് ഉച്ചക്ക് ഭോപ്പാലിൽ ഒരു പ്രകടനത്തിന്നു നിശ്ചയിച്ചിരുന്നു. അതിൽ പങ്കെടുക്കാനായി ഉച്ചക്ക് 11ന്ന് കാറിൽ പുറപ്പെട്ടതായിരുന്നു ഷേഹ്‌ല. ആ കാറിൽ വച്ചു തന്നെ അവർ വെടിയേറ്റു മരിച്ചു.

ഘാതകൻ പോലീസ് ഐ. ജി. പാവൻ ശ്രീവസ്തവയാണെന്നു കരുതപ്പെടുന്നു. ഇയാൾ നടത്തിവരുന്ന നിയമ ലംഘനങ്ങളെപ്പറ്റിയും ഇയാൾ ഉയർത്തുന്ന കൊലവിളികളെപ്പറ്റിയും 2009 ൽ തന്നെ ഷേഹ്‌ല പരാതിപ്പെട്ടിരുന്നു. എന്നിട്ടും ഇയാൾക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്യാൻ പോലും കൂട്ടാക്കാത്തതിനെപ്പറ്റി ഷേഹ്‌ല 2009 സെപ്തംബർ 2ന് ചിദംബരത്തിന്ന് നേരിട്ടെഴുതുകയുമുണ്ടായി. ഈ പരാതിയുടെ കോപ്പികൾ കേന്ദ്ര ആഭ്യന്തരകാര്യ സെക്രട്ടറിക്കും സംസ്ഥാനത്തിലെ ഉദ്യോഗസ്ഥ മേധാവിമാർക്കും അയക്കുകയുമുണ്ടായി.

പോലീസ് മേധാവിക്കെതിരെ എന്തെങ്കിലും നടപടിയെടുക്കുന്നതിന്നു പകരം ഷേഹ്‌ല ആത്മഹത്യ ചെയ്തതാണെന്ന ഒരു കെട്ടുകഥ പ്രചരിപ്പിക്കാനാണ് അധികൃതർ മുതിർന്നത്. ഷേഹ്‌ല ഒരിക്കലും ആത്മഹത്യ ചെയ്യില്ലെന്ന് ഷേഹ്‌ലയുടെ പിതാവായ മസൂദ് സെയ്ദിയും മറ്റു ബന്ധുക്കളും പറയുന്നു. വെടിയേറ്റ സമയത്ത് ഷേഹ്‌ലയുടെ ഒരു കയ്യിൽ മൊബൈൽ ഫോണും മറ്റേ കയ്യിൽ കാറിന്റെ താക്കോലുമാണുണ്ടായിരുന്നത്. അപ്പോൾ ഒരാൾക്കെങ്ങനെ സ്വയം വെടിവെയ്ക്കാൻ കഴിയുമെന്ന് ഷേഹ്‌ലയുടെ സഹോദരനായ റസീൽ സെയ്ദി ചോദിക്കുന്നു.

മധ്യപ്രദേശ് ഐ.ജി. വിജയ് യാദവിനോട് ഇതിനെപ്പറ്റി ചോദിച്ചപ്പോൾ, ഈ ആത്മഹത്യാ ശ്രുതി ആർ പച്ചുവിട്ടതാണെന്നറിയില്ലെന്നും, കൊലപാതത്തിന്നാണ് തങ്ങൾ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും പറഞ്ഞ് ഒഴിഞ്ഞുമാറി.

അതേ സമയം ഷേഹ്‌ലയുടെ മൃതദേഹത്തിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോ. ഡി. എസ്. ബദ്കൂർ എന്തെങ്കിലും പറയാൻ വിസമ്മതിച്ചു. തങ്ങളുടെ പരിശോധന തുടർന്നു വരികയാണെന്നു മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ. വൈദ്യശാസ്ത്ര രംഗത്തുനിന്നുണ്ടാകുന്ന ഇത്തരം പ്രതികരണങ്ങൾ ഷേഹ്‌ലയുടെ വീട്ടുകാരെ നിരാശരാക്കുന്നു. ഷേഹ്‌ലയുടെ വധത്തിന്ന് ഒരു ആത്മഹത്യാ പ്രതീതിയുളവാക്കാനാണ് ഇവരുടെ ശ്രമമെന്നു വ്യക്തം. തനിക്കെതിരെ ഉയർന്നുവരുന്ന വധ ഭീഷണികളെപ്പറ്റി ഷേഹല നിരന്തരം പരാതിപ്പെട്ടിട്ടും പോലീസ് ഒന്നും ചെയ്തില്ല എന്നതിന്റെ പശ്ചാത്തലത്തിൽ പോലീസുകാരിൽനിന്നുണ്ടാകുന്ന ഇത്തരം പ്രതികരണങ്ങൾ അപ്രതീക്ഷിതമല്ല. മധ്യപ്രദേശിലെ പോലീസ് ഡയറക്ടർ ജനറൽ രേഖാ

---

റേഷൻ പ്രദേശങ്ങളിലാണെങ്കിൽ ഒരു കിലോമീറ്ററെങ്കിലും ഇടവിട്ടേ ബാറുകൾ അനുവദിക്കൂ- അതായതു 1000 മീറ്റർ അകലം വേണം. അടുത്ത കൊല്ലം മുതൽ മുന്തിയ ഹോട്ടലുകളിലേ ബാറിന്ന് അനുമതി നൽകൂ. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യം 27 ലിറ്ററിൽനിന്ന് 15 ലിറ്ററായി കുറച്ചിട്ടുമുണ്ട്. ഇപ്പോൾ 18 വയസ്സായവർക്കും മദ്യം വാങ്ങാമെന്നിരിക്കെ, അത് 21 വയസ്സാക്കി വർധിപ്പിച്ചുവെന്നതാണ് മറ്റൊരു പരിഷ്ക്കാരം. തീർന്നില്ല, ഇനി സിനിമയിൽ കുടിച്ചു കൂത്താടുന്ന രംഗങ്ങൾ വരുമ്പോൾ "മദ്യം ആരോഗ്യത്തിന് ഹാനികരമാണ്" എന്നു എഴുതി കാണിക്കണമെന്നത് നിർബ്ബന്ധമാക്കും. ഇതൊക്കെയാണ് മദ്യവ്യാപാര രംഗത്തെ പരിഷ്ക്കാരങ്ങൾ!!

ഇതുകൊണ്ടൊന്നും മദ്യത്തിന്റെ ഉപയോഗത്തിൽ അശേഷം കുറവു വരാൻ പോകുന്നില്ലെന്ന് മറ്റുള്ളവർക്കെന്ന പോലെ മന്ത്രിക്കും അറിയാം. അതുകൊണ്ടാണദ്ദേഹം മദ്യത്തിന്നെതിരായി പ്രചരണം വേണമെന്നു പറയുന്നത്.

മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗത്തിന്നെതിരെ എത്ര പ്രചരണം നടത്തുന്നുവോ, അതിന്റെ ഉപയോഗം അത്രക്കും വർധിക്കുകയേ ഉള്ളൂ എന്നറിയാത്ത ആളാകാനിടയില്ല മന്ത്രി ബാബു. മദ്യപന്മാരായ ഈ തലമുറയിൽനിന്ന് അധികംപേരെയൊന്നും നമുക്കിനി രക്ഷിക്കാനാവില്ല. ഒരു പഞ്ചായത്തിൽ ഒരൊറ്റ മദ്യശാല എന്ന തോതിൽ മദ്യവില്പന പരിമിതപ്പെടുത്തിയാൽ നമുക്ക് വരും തലമുറകളെയെങ്കിലും രക്ഷിക്കാനാകും. അതുപോലെ തന്നെ എക്സൈസ് നിയമങ്ങളെ ലംഘിക്കുന്നവർക്ക് കഠിനമായ ശിക്ഷ നൽകാനും വ്യവസ്ഥ വേണം. മദ്യപന്മാരെ ജോലിയിൽനിന്ന് പിരിച്ചുവിടാൻ ഒരു വ്യവസ്ഥയുണ്ടാക്കിയാൽ തന്നെ നാം യുദ്ധത്തിൽ പാതി ജയിച്ചുകഴിയും. ❑

മൂലം കല്പന നൽകിയിട്ടും ഇതാണ് സ്ഥിതിയെങ്കിൽ ഇവർ നടത്തുന്ന അന്വേഷണം വെറുമൊരു ചടങ്ങാകാനേ നിവൃത്തിയുള്ളൂ.

വധിക്കപ്പെടുന്നതിന്നു തൊട്ടുമുമ്പ് പത്രക്കാരരുമായി നടത്തിയ ഒരു കൂടിക്കാഴ്ചയിൽ ഷേഹ്ല തന്റെ അനുഭവങ്ങൾ വിവരിക്കുകയുണ്ടായി. വനവിഭവ വിനിയോഗത്തിൽ നടന്നുവരുന്ന അഴിമതി തുറന്നു കാണിച്ചതിന്ന് തദ്ദേശ എം.എൽ.എ. യായ വിശ്വാസ് സാരംഗ്, തന്നെ കൊന്നുകളയുമെന്ന് ഒരിക്കൽ ഭീഷണിപ്പെടുത്തിയതായി അവർ പറഞ്ഞു. തന്നെ ഭയപ്പെടുത്തി ഒതുക്കാനാകണം, സാരംഗി ഒരു വക്കീൽ നോട്ടീസും ഷേഹ്ലക്കയച്ചു. മുഖ്യമന്ത്രി ശിവരാജ് ചൗഹാൻ വീട്ടുചെലവിനെന്ന പേരിൽ നടത്തിവരുന്ന ധൂർത്തും ഷേഹ്ല തുറന്നു കാണിച്ചു. അതിന്നു പ്രിൻസിപ്പിൽ ഇൻഫർമേഷൻ ഓഫീസറായ അരുണ ഗുപ്തയുടെ വക ഭീഷണിയേയും നേരിടേണ്ടിവന്നു. സർക്കാർ വക ചില രേഖകൾ താൻ മോഷ്ടിച്ചതായി ആരോപിച്ചുകൊണ്ട് ഷേഹ്ലക്കെതിരെ ഒരു കേസും ഫയൽ ചെയ്തു. മോഷ്ടിച്ച രേഖയിലെ വിവരങ്ങൾ നൽകാൻ കോടതി ആവശ്യപ്പെട്ടപ്പോൾ അരുണ ഒഴിഞ്ഞു മാറി.

അതുപോലെ മുഖ്യമന്ത്രിയുടെ വസതിയിലെ പ്രോട്ടോകോൾ ഓഫീസറായ സഞ്ജയ ചൗഹാനും എന്നെ ഭീഷണിപ്പെടുത്തി. കാരണം, ഹൈക്കോടതി ജഡ്ജിമാരുടെ പേരിൽ ലക്ഷങ്ങൾ നശിപ്പിക്കുന്നത് ഞാൻ ചൂണ്ടിക്കാണിച്ചതാണ്. അഴിമതിയിൽ ആറാടിയ പന്ത്രണ്ടു ജഡ്ജിമാരുടെ വിവരും ഞാൻ വെളിപ്പെടുത്തിയിരുന്നു. കഴിഞ്ഞ ഡിസംബറിൽ ഒരു ഉദ്യോഗസ്ഥ പ്രമാണിയുടെ മകന്റെ കല്യാണത്തിന്ന് മൂന്നു ജഡ്ജിമാരെത്തിയിരുന്നു. ഇവരുടെ യാത്രച്ചെലവും താമസച്ചെലവുമെല്ലാം സർക്കാർ കണക്കിൽ എഴുതി തള്ളിയിരുന്നു.

വിസിലടിക്കാരെ സംരക്ഷിക്കാൻ ജഡ്ജിമാർ താല്പര്യം കാണിക്കുന്നില്ല. കാരണം, രാഷ്ട്രീയ സമ്മർദ്ദം തന്നെ. കൂട്ടത്തിൽ പറയട്ടെ, അഴിമതി തുറന്നു കാണിക്കുന്നവർക്കിടയിലുമില്ല ഐക്യം; കാരണം എല്ലാവർക്കുമുണ്ട് ചില നിക്ഷിപ്ത താല്പര്യങ്ങൾ!!

ഐ.ജി. ശ്രീവാസ്തവ തികഞ്ഞ അഴിമതിക്കാരനാണ്. പക്ഷെ രാഷ്ട്രീയ നേതാക്കളുമായുള്ള അടുപ്പം മൂലം അദ്ദേഹം കൂസലില്ലാതെ മുന്നോട്ടു പോകുന്നു. സൽഭരണം, സുതാര്യമായ ഭരണ നടപടികൾ, പോലീസ് നവീകരണം, കടുവാസംരക്ഷണം പോലെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവക്കുവേണ്ടി ഞാൻ വിവരാവകാശ നിയമപ്രകാരം പ്രവർത്തിക്കുന്നു. 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നതുമുതൽ ഞാൻ അതുപയോഗിച്ചു പോരാട്ടം നടത്തിവരികയാണ്.

രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമാണിമാരും തമ്മിലുള്ള കൂട്ടുകെട്ട് ഇന്ത്യയിലെ പൊതു ജീവിതത്തെയാകെ ദുഷിപ്പിച്ചുവരികയാണെന്ന് ഷെഹ്ല പറയുന്നു. സമൂഹത്തിലെ അതി പ്രബലമായ വിഭാഗവും അതി ദുർബ്ബലമായ വിഭാഗവും തമ്മിലാണ് പോരാട്ടം നടക്കുന്നത്. ഇതിൽ ഏറ്റവും ദുർബ്ബലരായവരെ, ഏറ്റവും ദരിദ്രരായവരെയാണ് താൻ പ്രതിനിധീകരിക്കുന്നതെന്നും ഷെഹ്ല പറയുന്നു. കേസിപ്പോഴും തുടരുകയാണ്. ❑

# ഇന്ത്യ എന്ന അത്ഭുത ലോകം

**ഏ**തു രാജ്യത്തായാലും ഏതു രാഷ്ട്രീയ കക്ഷിയായാലും, അഴിമതിക്കാർ ഉണ്ടാകും. അത് പ്രകൃതി നിയമമാണ്.

അതേ സമയം ഈ പ്രകൃതി നിയമത്തിന്ന് അപവാദമുണ്ടാകുമെന്നതും ഒരു പ്രകൃതി നിയമം തന്നെ. ചക്കരക്കുടത്തിൽ കയ്യിട്ടാൽ നക്കാത്തവരില്ല, എന്നൊരു ചൊല്ലുണ്ട്. അതേസമയം എല്ലാ പ്രലോഭനങ്ങൾക്കും അതീതരായി, കൂരിരുട്ടിലെ ദീപം പോലെ പ്രകാശിക്കുന്ന ചിലരുമുണ്ടാകും. അത്തരം ദീപങ്ങളാണ് മാനവരാശിയെ മുന്നോട്ടു കൊണ്ടുപോകുന്നത്.

ക്രിസ്തുവിന്ന് മദിക്കാനും സുഖിക്കാനും കഴിയുമായിരുന്നു എന്നാൽ അദ്ദേഹം ത്യാഗത്തിന്റേതായ മാർഗ്ഗം ബോധപൂർവ്വം കൈക്കൊള്ളുകയാണ് ചെയ്തത്. ബുദ്ധൻ രാജകുമാരനായിരുന്നു. എന്നാൽ അദ്ദേഹം അതെല്ലാം ഉപേക്ഷിച്ച്, ത്യാഗത്തിന്റെ മാർഗ്ഗം തിരഞ്ഞെടുക്കുകയാണ് ചെയ്തത്. ഇത്രയൊന്നും പിൻതിരിഞ്ഞു നോക്കേണ്ട കാര്യമില്ല. ഈയിടെയാണ് ഗാന്ധിജി നമുക്കിടയിൽ ജീവിച്ചത്. അദ്ദേഹം ദാരിദ്ര്യം സ്വയം തിരഞ്ഞെടുത്തു. ജവാഹർലാൽ നെഹ്റു നമ്മുടെ പ്രധാനമന്ത്രിയായിരുന്നു. അദ്ദേഹം ഒരു രൂപയോ മറ്റോ ആണ് ശമ്പളമായി കൈപ്പറ്റിയിരുന്നതെന്ന് കേട്ടിട്ടുണ്ട്.

ഏതായാലും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ഇന്ത്യയിലെല്ലായിടത്തും ത്യാഗികൾ ഏറെ വിഹരിച്ചിരുന്നു. പിന്നീട് എവിടെവച്ചോ നാം കാൽ വഴുതി വീണുപോയി. അധികാരത്തിന്നുള്ള ആർത്തി സമ്പത്തുണ്ടാക്കാനുള്ള ആർത്തിയായി. അധികാരം നിലനിർത്താനും പിടിച്ചെടുക്കാനുമുള്ള ആർത്തി നമ്മെ സകല ദുഷ്കർമ്മങ്ങളിലേക്കും ആനയിച്ചു. മോഷ്ടിക്കുന്നതും നുണ പറയുന്നതും ഇന്ന് മാന്യ



സുഷമ സ്വരാജും ബല്ലാരി സഹോദരന്മാരും (റെഡ്ഡിമാർ)

ജീവിതത്തിന്റെ ലക്ഷണങ്ങളായി മാറി. ബുദ്ധനും ക്രിസ്തുവുമെല്ലാം ലോകോത്തര വിഡ്ഢികൾക്കുള്ള മാതൃകകളായി നാം സ്വീകരിച്ചു കഴിഞ്ഞു.

അധികാരമേറ്റ കോൺഗ്രസ്സ് ഇന്ത്യയെ വിനാശത്തിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതു കണ്ടപ്പോൾ ജനങ്ങൾ സോഷ്യലിസ്റ്റുകളുടെ നേരെ കരഞ്ഞു കൈ നീട്ടി. പക്ഷെ അവർ ആ കൈകളിൽ കാർക്കിച്ചു തുപ്പി കടന്നു പോകുകയും ഉള്ളി തൊലികളയും പോലെ സിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കുന്നതിൽ വ്യാപൃതരാകുകയും ചെയ്തു. ആചാര്യ നരേന്ദ്ര ദേവ്, ജയപ്രകാശ് നാരായൺ, ഡോ. ലോഹിയ, അച്യുത പടവർദ്ധൻ, അശോക മേത്ത – എത്ര നീണ്ടൊരു നിരയാണ് നമ്മുടെ മുന്നിലൂടെ ഘോഷയാത്രയായി കടന്നു പോയത്. എല്ലാവർക്കും സ്വന്തം സിദ്ധാന്തങ്ങളുണ്ടായിരുന്നു; സ്വന്തം വ്യാഖ്യാനങ്ങളുണ്ടായിരുന്നു. മഹാമുനിമാരെപ്പോലെ ഇവർ വ്യാഖ്യാനിക്കും തോറും വ്യാഖ്യാനം നീണ്ടുപോയിക്കൊണ്ടിരുന്നു.

ഈ സമയത്തെല്ലാം ജനങ്ങൾ, ഒരിറ്റ് ദയക്കുവേണ്ടി കേഴുകയായിരുന്നു. എന്താണ് ദാഹജലമെന്നും അതെത്ര എപ്പോൾ വേണമെന്നും സംവദിച്ച് അവർ സമയം കളഞ്ഞു. കോൺഗ്രസ്സാകട്ടെ സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി എന്നൊരു പരബ്രഹ്മത്തെയാണ് കൈക്കുമ്പിളിൽ ഇറ്റിച്ചുവീണു കൊടുത്തത്.

യൂറോപ്യന്മാർ വിഭാവനം ചെയ്തതു പോലെത്തന്നെ ഇന്ത്യക്കാർ തമ്മിൽ തല്ലുന്നത് കണ്ട് മനംമടുത്ത ജയപ്രകാശ് വിനോബാജി എന്ന ദിവ്യന്റെ പിന്നാലെ പോയി. കാര്യം വളരെ ലളിതമാണെന്ന് വിനോബാജി പറഞ്ഞു. നാലു കാശു കയ്യിലുള്ളവരെല്ലാം ഓരോ കാശ് ഒന്നുമില്ലാത്തവർക്ക് നൽകിയാൽ കാര്യം ഭദ്രമാകും. അതാണ് സോഷ്യലിസം, അതാണ് വിപ്ലവം. ഇത്രയും ലളിതമായ കാര്യം ഇത്രകാലവും ആരും കണ്ടെത്തിയിരുന്നില്ലെന്നതുതന്നെ ഒരത്ഭുതമായിരുന്നു.

ജയപ്രകാശ് രംഗം വിട്ടതോടെ സോഷ്യലിസ്റ്റുകളുടെ സിദ്ധാന്ത വ്യാഖ്യാനങ്ങൾക്കു ശക്തിയും വേഗവും വർധിച്ചു. അല്പ ദിവസംകൊണ്ടുതന്നെ സോഷ്യലിസം കുറ്റിയറ്റുപോയി. മഹാസോഷ്യലിസ്റ്റായിരുന്ന ഫെർണാണ്ടസ് ചരൺസിങ് എന്ന കാലുമാറ്റമഹാഭ്യാസിയിൽനിന്ന് അഭ്യാസങ്ങളെല്ലാം കൈക്കൊണ്ട് ബി.ജെ.പി. എന്ന ഗാന്ധിയൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ വലയം പ്രാപിച്ചു.

നാടേതാണെന്നു ചോദിച്ചാൽ നാലു ഭാഗത്തേക്കും വിരൽ ചൂണ്ടാൻ കഴിവുള്ള ആളാണ് നമ്മുടെ പ്രധാനമന്ത്രിയെന്നത് വിഖ്യാതമാണ്. അതുപോലെത്തന്നെയായിരുന്നു പ്രതിപക്ഷ നേതാവായ സുഷമ സ്വരാജും. ഗാന്ധിയൻ സോഷ്യലിസം പോലുള്ള വൈവിധ്യങ്ങൾ ഉൾക്കൊള്ളാൻ സുഷമക്കു മാത്രമേ കഴിയൂ.

വ്യത്യസ്തമായ ഒരു പാർട്ടിയുടെ നേതാവായ സുഷമ സ്വരാജും വ്യത്യസ്തമാകുന്നത് സ്വാഭാവികം. കർണാടകത്തിലെ വിഖ്യാതരായ അഴിമതിക്കാരായിരുന്നു ബല്ലാരിയിലെ റെഡ്ഡി സഹോദരന്മാർ. പണത്തിന്നുമീതെ പരുന്തും പറക്കില്ല എന്നു പറയുന്നതുപോലെ റെഡ്ഡി സഹോദരന്മാരെ വെല്ലാൻ ആർക്കും കഴിയില്ലായിരുന്നു. ബല്ലാരി മേഖലയിലെ ഇരുമ്പയിർ നിക്ഷേപം സ്വന്തമാക്കി കയറ്റുമതി ചെയ്ത് അവർ സമ്പാദിച്ചതിന്ന് കണക്കൊന്നുമില്ല. തിരഞ്ഞെടുപ്പിൽ ആർ ജയിക്കണം, ആർ തോൽക്കണമെന്നൊക്കെ തരുമാനിച്ചിരുന്നത് അവരായിരുന്നു. സ്വാഭാവികമായും ബി.ജെ.പി. ഈ ബല്ലാരി സഹോദരന്മാരിൽ ഒരു സ്വർണ്ണ ഖനി കണ്ടെത്തി. കർണാടകത്തിലെ ബി.ജെ.പി. യുടെ കരുത്തിന്റെ ഉറവിടം ഈ ബല്ലാരി സഹോദരന്മാരായിരുന്നു. അങ്ങനെയാണ് ബി.ജെ.പി. കർണ്ണാടകത്തിൽ അധികാരത്തിലെത്തുന്നത്. യഡ്യൂരപ്പയുടെ മന്ത്രിസഭയിൽ ബല്ലാരി സഹോദരന്മാർ മന്ത്രിമാരായിരുന്നു. അവർക്കെതിരെ എന്താക്ഷേപം ഉയർന്നാലും റെഡ്ഡി ➡





മാരെ സഹായിക്കാൻ ബി.ജെ.പി. യുണ്ടായിരുന്നു.

ബല്ലാരി സഹോദരന്മാർ തങ്ങളുടെ ധനശക്തികൊണ്ട് ബി.ജെ.പി. യെ വളർത്തി; ബി.ജെ.പി. അവരുടെ രാഷ്ട്രീയ ശക്തി കൊണ്ട് ബല്ലാരി സഹോദരന്മാരേയും സംരക്ഷിച്ചു. ലോകസഭയിലെ പ്രതിപക്ഷ നേതാവായ സുഷമ സ്വരാജിന്ന് ബല്ലാരി സഹോദരന്മാർ കളിത്തോഴരെപ്പോലെ തോന്നിയിരിക്കണം. ഈയിടെ അഴിമതിയുടെ ഭാരം താങ്ങാനാകാതെ ബി.ജെ.പി. യുടെ കർണാടകത്തിലെ രാഷ്ട്രീയ സൗധം ഇടിഞ്ഞു പൊളിഞ്ഞുവീണു.

(സുഷമ സ്വരാജ് ബല്ലാരി സഹോദരന്മാരെ താലോലിക്കുന്നതിന്റെ ചിത്രം പല പത്രങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. OUTLOOK എന്ന ഇംഗ്ലീഷ് വാരിക പ്രസിദ്ധീകരിച്ച ചിത്രമാണ് മുകളിൽ) ❑

# സോപാധികമായി നൽകുന്ന അനുമതികൾ

ഒറീസയിൽ ഒരു ബോക്സൈറ്റ് ഖനന പദ്ധതി ആരംഭിക്കാൻ 2009 ൽ നൽകിയിരുന്ന അനുമതി പിൻവലിച്ചുകൊണ്ട് ഈയിടെ പുറപ്പെടുവിച്ച കല്പനയെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി കാര്യാലയം ന്യായീകരിച്ചു. കേന്ദ്ര ഗവർമ്മേണ്ടിന്റെ കല്പനക്കെതിരായി ഒറീസാ മൈനിങ് കോർപറേഷൻ സമർപ്പിച്ച ഹർജിക്കുള്ള മറുപടിയിലാണ് ഇത് ഉൾക്കൊള്ളുന്നത്.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഇന്ത്യയിലെ ഹരംപിടിച്ചൊരു ബിസിനസ്സായിരുന്നു നിയമനിർമ്മാണം. കേന്ദ്ര ഗവർമ്മേണ്ട് അഖിലേന്ത്യാ തലത്തിലും സംസ്ഥാനങ്ങൾ സംസ്ഥാന തലത്തിലും എത്രയെത്ര നിയമങ്ങളാണ് പടച്ചുവിട്ടിട്ടുള്ളത്! ആവശ്യം വരുമ്പോൾ, ആവശ്യം പോലെ നിയമനിർമ്മാണം നടത്തുക എന്നതാണ് പൊതുവെയുള്ള ശൈലി. ഇന്നു പാസാക്കുന്ന നിയമം ഇന്നലെ പാസാക്കിയ നിയമത്തിന്ന് ഇണങ്ങുമോ എന്നോ സംസ്ഥാനം നടത്തുന്ന നിയമനിർമ്മാണം കേന്ദ്ര നിയമത്തോട് പൊരുത്തപ്പെടുമോ എന്നൊന്നും ആരും നോക്കാറില്ല. ഇതിനെല്ലാമിടയിൽ കോടതികളുടെ നിയമനിർമ്മാണം വേറേയുമുണ്ട്. ഒരു കാര്യത്തിൽ വ്യക്തമായൊരു നിയമമില്ലെങ്കിൽ ആ വിടവടക്കാൻ കോടതിക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമവ്യവസ്ഥയുണ്ടാക്കാനും കഴിയും.

ഒരു സംസ്ഥാനം നടത്തുന്ന നിയമനിർമ്മാണം കേന്ദ്ര നിയമത്തോട് പൊരുത്തപ്പെടാത്തതാണെങ്കിൽ, അല്ലെങ്കിൽ ഒരു വകുപ്പുകാർ നടത്തുന്ന നിയമനിർമ്മാണം മറ്റൊരു വകുപ്പിന്റെ നിയമത്തിന്നു വിരുദ്ധമാണെങ്കിൽ എന്തു ചെയ്യും? ഇവിടെയാണ് "സോപാധികം" കടന്നുവരുന്നത്. പുഴയിൽ ഒരണക്കെട്ടു നിർമ്മിക്കണമെങ്കിൽ, അതിന്ന് ആദ്യംതന്നെ വനം വകുപ്പിന്റെ അനുമതി വാങ്ങണം. അണക്കെട്ടിന്ന് താഴെയുള്ള പ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ സമ്മതം വേണം. ചുരുക്കത്തിൽ, ഏതൊരു നിർമ്മാണ പ്രവർത്തനത്തിന്നും ഒരു ഡസൻ വകുപ്പുകാരുടെ അനുമതി പത്രം (എൻ.ഒ.സി.) ആവശ്യമായി വരും. സ്വകാര്യ മേഖലക്കും പൊതുമേഖലക്കും ഇതെല്ലാം ഒരുപോലെ ബാധകവുമാണ്.

ഇവിടെയാണ് സോപാധികം കടന്നുവരുന്നത്. കോടിക്കണക്കിന്നു രൂപ ചെലവാക്കി നിർമ്മിക്കുന്ന ഒരു വൻകിട പദ്ധതിക്കായാലും, ആയിരമോ രണ്ടായിരമോ ചെലവാക്കി നടത്തുന്ന ഒരു ചെറുകിട പദ്ധതിക്കായാലും ഒരു ഡസൻ വകുപ്പുകളിൽനിന്ന് സമ്മതപത്രം സംഘടിപ്പിക്കേണ്ടിവരും.

വൻകിടക്കാർക്ക് ഇതൊരു പ്രശ്നമല്ല.

കുറച്ചു പണമെടുത്തു വിതറിയാൽ അണു ശക്തി വകുപ്പിൽനിന്നു പോലും അവർക്ക് അനുമതി പത്രം സംഘടിപ്പിക്കാം; നേരെ മറിച്ച് ചെറുകിടക്കാർക്ക് അനേകം ഓഫീ സുകളിൽ കയറിയിറങ്ങേണ്ടി വരുന്നു! വൻകിടക്കാരായാലും ചെറുകിടക്കാരാ യാലും ഇതിന്നെല്ലാം ഒരു പൊതു സ്വഭാ വമുണ്ട്. അതാണ് സോപാധിക അനുമ തി. പദ്ധതി പ്രദേശത്തുള്ളവരെ പുനരധി വസിപ്പിക്കുകയും ബന്ധപ്പെട്ട മറ്റു വകുപ്പു കളുടെ അനുമതി നേടുകയും വേണം എന്ന ഉപാധിയോടെയാണ് ഏതുവകുപ്പിൽനിന്നും എന്തിന്നും അനുമതി ലഭിക്കുക.

പക്ഷെ പദ്ധതിക്ക് അനുമതി ലഭിച്ചു വെന്ന വ്യാജേന പണികളുമായി മുന്നോട്ടു പോകുകയാണ് ഇവിടെ എല്ലാ അധികാ രികളും ചെയ്തുവന്നിരുന്നത്.

ഒറീസയിലെ ബോക്സൈറ്റ് നിക്ഷേപ ഖനനത്തിന്ന് 672 ഹെക്ടർ വനഭൂമി ഒറീസാ മൈനിങ് കോർപറേഷന്ന് വിട്ടു കൊടുക്കണം. ഗവർമ്മേണ്ട് പതിവനുസ രിച്ച് ഉപാധികളെല്ലാം സ്വീകരിച്ചിരുന്നു. അതനുസരിച്ച് ബോക്സൈറ്റ് ഖനന പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. എന്നാൽ ഉപാധികളിലൊന്നു പോലും നട പ്പാക്കിയില്ല. ആരേയും പുനരധിവസിപ്പി ച്ചതുമില്ല.

കുറച്ചു കാലം മുമ്പ് ജയറാം രമേശ് കേന്ദ്രമന്ത്രിസഭയിൽ വനം പരിസ്ഥിതി കാര്യമന്ത്രിയായപ്പോൾ ഈ ബോക്സൈറ്റ് ഖനനത്തെക്കുറിച്ചുള്ള പരാതികളെപ്പറ്റി അന്വേഷിക്കാൻ ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ചിരുന്നു. നിയമഗിരി വന മേഖ ലയിൽ വനം നിയമവും പരിസ്ഥിതി നിയ മവും ലംഘിച്ച് തോന്നിവാസങ്ങൾ കാണിച്ചു വരുന്നതായി വിദഗ്ധ സമിതി യുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒറീസാ മൈനിങ് കോർപറേഷനു നൽകിയിരുന്ന സോപാ ധിക അനുമതി പിൻവലിച്ചതെന്ന് ഗവർമ്മേണ്ട് കോടതിയിൽ ബോധിപ്പിച്ചു. പാരിസ്ഥിതിക അനുമതിയും വനം വിനി യോഗ അനുമതിയും അതാതിന്റേതായ നിയമപ്രകാരമുള്ളതാണെങ്കിലും അവ പര സ്പരം ബന്ധപ്പെട്ടിരിക്കുന്നതായി ഗവർമ്മേണ്ട് ചൂണ്ടിക്കാട്ടി. വനം നിയമപ്ര കാരമുള്ള ഉപാധികളും പാരിസ്ഥിതിക ഉപാധികളും നടപ്പാക്കിക്കഴിഞ്ഞ ശേഷമേ പദ്ധതി പ്രവർത്തനം ആരംഭിക്കാവൂ എന്ന് ഗവർമ്മേണ്ട് വാദിച്ചു. പദ്ധതിയാരംഭിക്കു ന്നതിന്നുള്ള അനുമതി റദ്ദാക്കുകയല്ല, പിൻവലിക്കുക മാത്രമാണ് ഗവർമ്മേണ്ട് ചെയ്തിരിക്കുന്നതെന്നും ഉപാധികൾ നട പ്പാക്കിക്കഴിഞ്ഞാൽ പദ്ധതിക്കാര്യം പുന:പരിശോധിക്കാവുന്നതാണെന്നും ഗവർമ്മേണ്ട് പറഞ്ഞു.

കോടിക്കണക്കിന്നു രൂപയുടെ നിക്ഷേപം വേണ്ടിവരുന്ന ഒരു പദ്ധതി യാണ് ബോക്സൈറ്റ് ഖനന പദ്ധതി. ചില സ്വകാര്യ കമ്പനികളാണ് പദ്ധതി ഏറ്റെടു ത്തിരിക്കുന്നത്. പദ്ധതിക്ക് ആത്യന്തിക അനുമതി ലഭിച്ചാലേ ഇവർ മൂലധന നിക്ഷേപം നടത്തൂ. ഗോത്രവർഗ്ഗ ക്കാർക്കായി നൂറു കണക്കിന്നു വീടുകളും ഒട്ടേറെ വിദ്യാലയങ്ങളും നിർമ്മിക്കേണ്ട പദ്ധതിക്ക് അനുമതി ലഭിക്കാത്തതിനാൽ ഇതെല്ലാം മുടങ്ങിക്കിടപ്പാണെന്ന് ഒറീസാ ബോക്സൈറ്റ് കോർപറേഷൻ വാദിച്ചു.

> ഉപാധികൾ നടപ്പാക്കിയ ശേഷമേ പദ്ധതി നടപ്പാക്കാവു എന്ന് സുപ്രീം കോടതി വിധിച്ചാൽ ഒട്ടേറെ പദ്ധതി കൾ കെണിയിൽ പെടും.

ഉപാധികളെല്ലാം നടപ്പാക്കിയ ശേഷം പദ്ധതി ആരംഭിക്കണമോ അതോ പദ്ധതി യാരംഭിച്ച ശേഷം ഉപാധികൾ നടപ്പാ ക്കണമോ എന്നതാണ് ഇതിലെ കാതലായ പ്രശ്നം. ഇതൊരു അടിയന്തിര പ്രശ്നമാ ണെന്ന് ഗവർമ്മേണ്ട് പറഞ്ഞുവെങ്കിലും സുപ്രീം കോടതി രണ്ടു മാസത്തേക്ക് നീട്ടി വച്ചിരിക്കുകയാണ്.

ഉപാധികൾ നടപ്പാക്കിക്കൊണ്ട് പദ്ധതി കൾ നടപ്പാക്കുന്ന ഏർപ്പാട് ഇന്ത്യയിൽ അപൂർവ്വമാണ്. ❑



# വീടുകൾ ഒന്നേകാൽ കോടി; കാർഡുകൾ ഒന്നര കോടി !

- രോഹിണി മോഹനൻ -

ഈയിടെ കർണാടകത്തിലെ ലോകായുക്ത പദവിയിൽനിന്നും വിര മിച്ച സന്തോഷ് ഹെഗ്ഡെ കഴിഞ്ഞ കൊല്ലം ഗവർമ്മേണ്ടിന്നു സമർപ്പിച്ച രണ്ടു അഴിമതി കേസുകളിൽ ഒന്ന് തീരെ ശ്രദ്ധിക്കപ്പെടാതെപോയി. ബല്ലാ രിയിലെ ഇരുമ്പയിർ ഖനനം മൂലം ഗവർമ്മേണ്ടിന്നു കൊല്ലം തോറും 1800 കോടി രൂപയുടെ നഷ്ടം സംഭവിക്കു ന്നുവെന്നതാണ് അഴിമതി കേസുകളിൽ ഒന്ന്. ജനങ്ങളുടെ ശ്രദ്ധ മുഴുവൻ അതിൽ കേന്ദ്രീകരിച്ചതിനാൽ, അത്ര തന്നെ ഭീമമായ നഷ്ടം വരുത്തിക്കൊ ണ്ടിരുന്ന ഒരു റേഷനരി കുംഭകോണ ത്തിന്റെ കാര്യത്തിലേക്ക് ആരും ശ്രദ്ധി ച്ചില്ല. റേഷനരി കുംഭകോണംവഴി ഗവർമ്മേണ്ടിന്ന് കൊല്ലംതോറും 1738 കോടി രൂപയുടെ നഷ്ടം സംഭവിക്കു ന്നുവെന്നാണ് ലോകായുക്തയായിരുന്ന സന്തോഷ് ഹെഗ്ഡെ ഗവർമ്മേണ്ടിന്നു സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്. ടെലിഫോൺ കുംഭകോണവും മന്ത്രി രാജയുടെ രാജിയും കർണാടക ത്തിൽതന്നെ മുഖ്യമന്ത്രിക്കുണ്ടായ സ്ഥാന നഷ്ടവുമെല്ലാം ഉണ്ടാക്കിയ ഭൂകമ്പങ്ങൾക്കിടയിൽ കർണാടക ത്തിലെ ഈ റേഷൻ കുംഭകോണം അധികമാരുടേയും ശ്രദ്ധയിൽ പെടാതെ പോയി.

വാസ്തവത്തിൽ കർണാടകത്തിലെ ഇരുമ്പയിർ ഖനനം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന്ന് ഒരു ദിവസം മുമ്പാണ് ലോകായുക്ത റേഷൻ കുംഭകോണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചത്. കഴിഞ്ഞ 2010 സെപ്തംബറിൽ തന്നെ ഹെഗ്ഡെ റേഷൻ കുംഭകോണത്തെപ്പറ്റി അന്വേ ഷണമാരംഭിച്ചിരുന്നു. മൈസൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന "സ്വാമി വിവേകാനന്ദ യുവജന പ്രസ്ഥാനം" എന്ന അഴിമതി വരുദ്ധ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഡോ. ആർ. ബാലസുബ്രമണ്യത്തെയാണ് ഇതു സംബന്ധിച്ച അന്വേഷണത്തി ന്നായി ലോകായുക്ത നിയോഗിച്ചത്. കർണാടകത്തിലെ മുപ്പതു ജില്ലക ളിൽനിന്നും ബാലസുബ്രഹ്മണ്യത്തെ യാണ് ഇതു സംബന്ധിച്ച അന്വേഷണ ത്തിന്നായി ലോകായുക്ത നിയോഗിച്ച ത്. കർണാടകത്തിലെ മുപ്പതു ജില്ലക ളിൽനിന്നും ബാലസുബ്രഹ്മണ്യം വിവരം ശേഖരിച്ചു. ദാരിദ്ര്യ രേഖക്കു താഴെയുള്ളവർ എന്നവകാശപ്പെട്ട് നിസ്സാര വിലക്ക് അരിയും ഗോതമ്പും വാങ്ങുന്നവരിൽ 49 ശതമാനവും അനർഹരാണെന്ന് ഈ അന്വേഷണം തെളിയിച്ചു. നിലവിലില്ലാത്ത കുടുംബ ങ്ങൾക്കും അനർഹരായവർക്കുമെല്ലാം റേഷൻ സാധനങ്ങൾ നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ അഴിമതിയോ അപ്രാപ്തിയോ അല്ല ഇതിന്നു കാര ണം. നേരെ മറിച്ച് സർക്കാരിന്റെ വികൃ തനയമാണിതിന്നു കാരണം.

2008 ഡിസംബറിൽ സർക്കാർ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. 2009 ലെ ലോകസഭാ തിരഞ്ഞെടുപ്പിന്ന് തൊട്ടുമുമ്പാണിതെന്ന് ഓർക്കണം. തന്റേത് ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബമാണെന്ന് സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് അപേക്ഷ സമർപ്പിക്കു ന്നവർക്കെല്ലാം ദാരിദ്ര്യ റേഷൻകാർഡ് നൽകാനായിരുന്നു ഗവർമ്മേണ്ടിന്റെ തീരുമാനം. 2009 മാർച്ചിന്നുമുമ്പു അപേക്ഷിക്കുന്ന എല്ലാവർക്കും കാർഡ് നൽകാനും തീരുമാനിച്ചു. ഇതിന്നുള്ള അപേക്ഷ സ്വീകരിക്കാനായി എല്ലാ

ജില്ലകളിലും "തെമ്മഡി" കേന്ദ്രങ്ങൾ (ദുരിതാശ്വാസ കേന്ദ്രങ്ങൾ) ആരംഭിക്കാനും ഗവർമ്മേണ്ട് തീരുമാനിച്ചു. ദുരിതാശ്വാസ കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കുന്നവർക്കെല്ലാം ദാരിദ്ര്യ കാർഡ് നൽകാനായിരുന്നു തീരുമാനം. അപേക്ഷകന്റെ സത്യപ്രത്ജ്ഞക്കപ്പുറം ഒരു തെളിവും ഹാജരാക്കേണ്ടതില്ലായിരുന്നു.

ഈ ദുരിതാശ്വാസ കേന്ദ്രം വഴി 43 തരം സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുമായിരുന്നു. വിധവാ പെൻഷൻ, ജനന മരണ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയെല്ലാം ഇതിൽ പെടും.

അപേക്ഷകന്റെ സത്യപ്രതിജ്ഞ ശരിയാണോ എന്നു പരിശോധിക്കാൻ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഗവർമ്മേണ്ട് അധികാരം നൽകിയിട്ടുണ്ട്. അപേക്ഷയിലെ സത്യപ്രതിജ്ഞ വ്യാജമാണെന്നു കണ്ടാൽ അത്തരം കാർഡുകൾ റദ്ദാക്കുമെന്ന് ഗവർമ്മേണ്ട് താക്കീത് നൽകിയിട്ടുമുണ്ട്. എന്നാൽ ആ പരിശോധനക്ക് ആരും മുതിർന്നിട്ടില്ല. തന്റെ സ്വന്തം ജോലി തീർക്കാൻ തന്നെ സമയം മതിയാകാത്ത ഉദ്യോഗസ്ഥന്മാരുണ്ടോ കള്ളക്കാർഡ് പരിശോധിക്കാൻ മെനക്കെടുന്നു. ഏതായാലും റേഷൻ കാർഡ് നൽകിക്കഴിഞ്ഞു. ഇനി അതൊരു കള്ളക്കാർഡാണെന്ന് കണ്ടെത്തിയാൽതന്നെ എന്താണൊരു പ്രയോജനം? ഓരോ കാർഡുകാരനും ഓരോ പാർട്ടിയുടെ പിൻബലമുണ്ടാകും. 2009 ലെ ലോകസഭാ തിരഞ്ഞെടുപ്പിന്ന് തൊട്ടുമുമ്പാണിതെന്ന് ഓർക്കണം. ആരെ മുഷിപ്പിച്ചിട്ട് എന്താണ് കാര്യം?

കർണാടക ഗവർമ്മേണ്ട് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണെങ്കിൽ, കർണാടകത്തിൽ ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 44 ലക്ഷമേ വരൂ. എന്നാൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെന്നു പറഞ്ഞ് 96 ലക്ഷം കുടുംബങ്ങൾക്ക് കാർഡ് നൽകിയിട്ടുണ്ട്. കേന്ദ്ര ഗവർമ്മേണ്ടിന്റെ കണക്കു പ്രകാരമാകട്ടെ, കർണാടകത്തിലുള്ളത് 31 ലക്ഷം കുടുംബങ്ങളാണ്. ഈ കണക്കനുസരിച്ചാണ് കേന്ദ്ര ഗവർമ്മേണ്ട് അരിയും ഗോതമ്പും പഞ്ചസാരയുമെല്ലാം അനുവദിക്കുന്നത്. കേന്ദ്ര ഗവർമ്മേണ്ട് കിലോവിന്ന് അഞ്ചു രൂപ നാല്പതു പൈസ (5.40 ക.) നിരക്കിലാണ് കർണ്ണാടകത്തിന്ന് അരി നൽകുന്നത്; കർണാടകം കിലോവിന്ന് രണ്ടു രൂപ 40 പൈസ (2.40) അധികമെടുത്താണ് റേഷൻ വിതരണം നടത്തുന്നത്.

**ഈ കേന്ദ്രങ്ങൾ വഴി 160 ലക്ഷം റേഷൻ കാർഡ് നൽകിയിട്ടുണ്ടെന്ന് ലോകായുക്തയുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ സർക്കാർ കണക്കനുസരിച്ച് കർണ്ണാടകത്തിൽ ഒട്ടാകെ 120 ലക്ഷം കുടുംബങ്ങളേയുള്ളു. അതായത് 40 ലക്ഷം കള്ള കാർഡുകളെങ്കിലും നിലവിലുണ്ട്.**

ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്ക് കിലോഗ്രാമിന്ന് എട്ടുരൂപ മുപ്പതു പൈസക്കാണ് (8.30) കേന്ദ്രം അരി നൽകുന്നത്. എന്നാൽ കർണ്ണാടക ഗവർമ്മേണ്ട് ഏതാണ്ട് എല്ലാ കുടുംബങ്ങളേയും ദാരിദ്ര്യ രേഖക്കു താഴെയുള്ള വരാക്കിയതിനാൽ ഇവർക്കും കിലോവിന്ന് മൂന്നു രൂപ വച്ച് അരി നൽകേണ്ടി വരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കർണാടകം പണക്കാർക്കും ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടേതുപോലെ സബ്സിഡി നൽകേണ്ടിവരുന്നു.

ഇത് മാത്രമല്ല പ്രശ്നം. റേഷൻ കടകൾ ആഴ്ചയിൽ നാലോ അഞ്ചോ ദിവസമേ തുറക്കാറുള്ളു; റേഷൻകടക തുറന്നാൽ തന്നെ സ്റ്റോക്ക് വിവരം എഴുതിവയക്കാറില്ല. റേഷൻ തട്ടിപ്പ് ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. എന്നാൽ കർണാടകത്തിലേതുപോലെ സംഘടിതമായ കൊള്ള വേറെ എവിടെയെങ്കിലും നടക്കുന്നുണ്ടെന്നു തോന്നുന്നില്ല. ❑

# കോശി: മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ



ജസ്റ്റീസ് ജെ.ബി. കോശി

കേരള മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാനായി പട്ന ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായിരുന്ന ജെ.ബി. കോശി സ്ഥാനമേറ്റു. സമ്പൂർണ സാക്ഷരതയുള്ള ഒരു സംസ്ഥാനമാണ് കേരളമെന്നിരിക്കിലും ഇവിടേയും മനുഷ്യാവകാശ ധ്വംസനങ്ങൾക്ക് ഒരു പഞ്ഞവുമില്ലെന്ന് കോശി പറഞ്ഞു.

പൊതുവെ പറഞ്ഞാൽ മലയാളികൾ സ്വാർത്ഥികളാണ്. സ്വന്തം താല്പര്യങ്ങൾ അപകടത്തിലാകുമ്പോൾ മാത്രമേ മലയാളി പ്രതികരിക്കൂ എന്ന് കോശി പറഞ്ഞു. അയൽപക്കക്കാരുടെ മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ പോലും മലയാളി പ്രതികരിക്കില്ല.

മനുഷ്യാവകാശ ധ്വംസനമെന്നതിന്ന് പുതിയൊരു നിർവ്വചനം കണ്ടെത്താൻ സത്വര ശ്രമം നടന്നുവരുന്നുണ്ടെന്ന് ജ. കോശി പറഞ്ഞു. കഴിഞ്ഞ കൊല്ലം കമ്മീഷൻ മുമ്പാകെ 3500ൽപരം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. പക്ഷെ ഇവയിൽ പലതും മനുഷ്യാവകാശത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് ജ. കോശി പറഞ്ഞു. കമ്മീഷന്റെ പ്രവർത്തനം അർത്ഥവത്താക്കാനായിരിക്കും തന്റെ ശ്രമമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

കമ്മീഷന്ന് പല്ലില്ലെന്ന വാദത്തെ ജ. കോശി നിരാകരിച്ചു. ടി.എൻ. ശേഷൻ ചെയർമാനായിരുന്ന കാലത്തെ എലക്ഷൻ കമ്മീഷൻ, സന്തോഷ് ഹെഗ്ഡെ ചെയർമാനായിരുന്ന കാലത്തെ കർണാടക മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങളെ അദ്ദേഹം ചൂണ്ടിക്കാട്ടി. പല്ലില്ലാത്തതല്ല, കടിക്കാത്തതാണ് പ്രശ്നമെന്ന് ജ. കോശി പറഞ്ഞു. ഇത്തരം വ്യവസ്ഥാപിത സ്ഥാപനങ്ങളൊന്നും അലങ്കാര വസ്തുക്കളല്ല, പ്രവർത്തിക്കാത്തതാണ് പ്രശ്നം. കേരളത്തിലെ മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസ് പ്രവർത്തനത്തെ നവീകരിക്കാൻ താൻ ഉദ്ദേശിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പൗരന്റെ മനുഷ്യാവകാശങ്ങളെ ഉയർത്തിപ്പിടിക്കാനും മനുഷ്യാവകാശ ധ്വംസനം നടത്തുന്നവർക്ക് കടുത്ത ശിക്ഷ നൽകാനും കമ്മീഷന്ന് വേണ്ടതിലേറെ അധികാരമുണ്ട്. ഞങ്ങളതെടുത്തു പ്രയോഗിക്കാൻ തന്നെ പോകുകയാണ് എന്ന് ജ. കോശി പറഞ്ഞു. പല്ലില്ലാത്ത ഒരു പുലിയുടെ ചിത്രമാണ് കാലാന്തരത്തിൽ കമ്മീഷന്ന് കൈവന്നിരിക്കുന്നതെന്ന് കേരള ലീഗൽ സർവ്വീസസ് അഥോറിറ്റിയുടെ മുൻ ചെയർമാൻ കൂടിയായ കോശി പറഞ്ഞു. തങ്ങൾ ഇതിന്നൊരറുതി വരുത്തുമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

കമ്മീഷന്ന് ഒരു പരാതി ലഭിച്ചാൽ ഗവർമ്മേണ്ടിൽനിന്നൊരു മറുപടി കിട്ടാൻ കൊല്ലങ്ങളോളം കാത്തിരിക്കേണ്ടി വരാറുണ്ട്. ഒരു മനുഷ്യാവകാശ ധ്വംസനം സംബന്ധിച്ച പരാതിയിന്മേൽ പോലീസിന്റെ റിപ്പോർട്ടിന്നായി കാത്തിരിപ്പാരംഭിച്ചിട്ട് പത്തുകൊല്ലത്തിലേറെയായ ഒരു കേസുമുണ്ടെന്ന് ജ. കോശി പറഞ്ഞു.

മനുഷ്യാവകാശ ധ്വംസനത്തെപ്പറ്റി അന്വേഷിക്കാനും പ്രോസിക്യൂഷൻ നടപടിയെടുക്കാനും കമ്മീഷന് അധികാരമുണ്ട്. അടുത്ത ആറു മാസത്തിന്നകം ഇന്നത്തെ നിഷ്ക്രിയത്വത്തിന്ന് അറുതി വരും. കമ്മീഷൻ മുമ്പാകെ ഇപ്പോൾ 3750 കേസുകൾ കെട്ടിക്കിടപ്പുണ്ട്. ഈ കൊല്ലാവസാനമാകുമ്പോഴേക്കും ഇത് 500 മാത്രമായി കുറയുമെന്ന് ജെ. കോശി ഉറപ്പുനൽകി.

പരാതികളിലധികവും പോലീസിന്നെതിരായുള്ളവയാണെന്നും, എന്നാൽ ഇവയിൽ പലതും നിസ്സാര കേസുകളാണെന്നും അദ്ദേഹം പറഞ്ഞു. എനിക്കെന്റെ ജോലി ശരിക്കും നിർവ്വഹിക്കാനാകാത്ത സ്ഥിതി വന്നാൽ ഞാൻ രാജി വച്ചിറങ്ങിപ്പോകുമെന്ന് ജ. കോശി താക്കീത് നൽകി. കമ്മീഷൻ ഇപ്പോൾ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ഒന്നാണത്. ഇത് മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുകയും ചെയ്യാൻ താൻ ഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തി. കമ്മീഷന്റെ അന്വേഷണ സംഘത്തിന്റെ തലവൻ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിലുള്ള ആളാകണമെന്നാണ് സങ്കൽപ്പം. എന്നാൽ ഇന്ന് അന്വേഷണ സംഘത്തിന്റെ തലവൻ ഒരു പോലീസ് സൂപ്രണ്ടിന്റെ തലവന്റെ പദവിയിലുള്ള ആളാണെന്ന് ജ. കോശി ചൂണ്ടിക്കാട്ടി. ഇദ്ദേഹത്തിന്നു പകരം ഐ.ജി.യുടെ പദവിയിലുള്ള ഒരാളെ നിയമിക്കാൻ താൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടും നിയമ മന്ത്രി കെ.എം. മാണിയോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഗവർമ്മേണ്ട് തികഞ്ഞ സഹകരണ മനോഭാവമാണ് കാണിക്കുന്നത്. കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കാൻ ഇതു സഹായിക്കുമെന്നും അദ്ദേഹം ആശ പ്രകടിപ്പിച്ചു.

എറണാകുളത്തെ ലോ കോളേജിൽ കെ.എം. മാണി തന്റെ സതീർത്ഥ്യനായിരുന്നുവെന്ന് ജ. കോശി വെളിപ്പെടുത്തി. നിയമമനുസരിച്ചും മനസ്സാക്ഷിക്കനുസൃതമായും മാത്രമേ താൻ പ്രവർത്തിക്കൂ എന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാനായി താൻ നിയോഗിക്കപ്പെട്ടത് ഒരു ദൈവ നിശ്ചയമായാണ് 64 കാരനായ കോശി കരുതുന്നത്.

മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ പദവികൊണ്ട് കോശിക്ക് പ്രത്യേക നേട്ടമൊന്നുമില്ല. പട്ന ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായിരിക്കുമ്പോൾ തനിക്കവിടെ 26 വേലക്കാരെ കിട്ടുമായിരുന്നു. ഇവിടെ മനുഷ്യാവകാശ കമ്മീഷനെന്ന നിലക്ക് ഒരു പാർട്ട് ടൈം തൂപ്പുകാരനെ നിയമിക്കാൻ പോലും അധികാരമില്ലെന്ന് ജ. കോശി പറഞ്ഞു.

പക്ഷെ അതുകൊണ്ട് കുഴപ്പമൊന്നുമില്ല. കഴിവുള്ളതെല്ലാം ഞാൻ ചെയ്യും. രാവിലെ അഞ്ചുമണിമുതൽ രാത്രി പത്തുമണിവരെ എന്റെ സേവനം ലഭ്യമായിരിക്കും. ഏതു സമയത്തും ജനങ്ങൾക്ക് എന്നെ സമീപിക്കാം. ഒരു തസ്തികക്കല്ല പ്രാധാന്യം. ആ തസ്തികയിൽ ഇരിക്കുന്നത് ആര് എന്നതാണ് പ്രധാനം. ടി.എൻ. ശേഷൻ എലക്ഷൻ കമ്മീഷണറായപ്പോൾ, സന്തോഷ് ഹെഗ്ഡെ കർണ്ണാടകത്തിലെ ലോകായുക്തയായപ്പോൾ, ആ സ്ഥാപനങ്ങൾക്ക് കൈവന്ന മാറ്റത്തെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ എന്ന് ജ. കോശി പറഞ്ഞു. ❏





# ലോകായുക്തതന്നെ കുടുങ്ങി

**അ**യോഗ്യനായ ഒരാളെ ചീഫ് വിജിലൻസ് കമ്മീഷണറായി നിയമിച്ച് ചീത്തപ്പേര് നേടിയത് കോൺഗ്രസ്സാണെങ്കിൽ, അതുപോലെ അയോഗ്യനായ ഒരാളെ ലോകായുക്തയായി നിയമിച്ച് ചീത്തപ്പേര് സമ്പാദിച്ചത് കർണാടകത്തിലെ ബി.ജെ.പി.യാണ്.

ജ: സന്തോഷ് ഹെഗ്ഡെ വിരമിച്ചതിനെത്തുടർന്ന് കർണാടകത്തിലെ ലോകായുക്തയായി നിയമിക്കപ്പെട്ടത് ജ:ശിവരാജ് വിരൂപണ്ണ പട്ടീലാണ്. ആഗസ്റ്റ് മൂന്നാം തിയ്യതി അദ്ദേഹം സ്ഥാനമേൽക്കുകയും ചെയ്തു. അപ്പോഴാണ് ജ: പട്ടീൽ ശരിക്കും വിരൂപണ്ണതന്നെയാണെന്ന വിവരം പുറത്തുവന്നത്.

സംഗതി ഇതാണ്: ബാംഗളൂരിൽ ജുഡീഷ്യൽ എംപ്ലോയീസ് ഭവന നിർമ്മാണ സഹകരണ സംഘം എന്നൊന്നുണ്ട്. ജ: പട്ടീലിന്ന് 1994ൽ ഇതിൽ 9600 ചതുരശ്രഅടി വരുന്ന ഒരു പ്ലോട്ട് ഉണ്ട്. ഇതിന്നുപുറമെ നഗര പരിസരത്തിലുള്ള വ്യാളീകവൽ ഭവന നിർമ്മാണ സഹകരണ സംഘത്തിൽ വിരൂപണ്ണയുടെ ഭാര്യ 401 ചതുരശ്രഅടി വിസ്തീർണമുള്ള ഒരു പ്ലോട്ടും 2006ൽ വാങ്ങിയിട്ടുണ്ട്.

ഭവനനിർമ്മാണ സംഘങ്ങളിലെ പല നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഈ പ്ലോട്ടുകൾ അനുവദിച്ചിരിക്കുന്നത്. കർണാടക ഹൈക്കോടതിയിലെ ഏതാണ്ട് എല്ലാവരുംതന്നെ നിയമം ലംഘിച്ച് പ്ലോട്ട് സംഘടിപ്പിച്ചിട്ടുള്ളതായി ജ: പട്ടീൽ പറയുന്നു. അതു മാത്രമല്ല, കർണാടകക്കാരായ സുപ്രീം കോടതി ജഡ്ജിമാരും നിയമം ലംഘിച്ചിട്ടുണ്ട്.

സ്വന്തമായി സ്ഥലമില്ലാത്തവർക്കേ പ്ലോട്ട് അനുവദിക്കാവൂ എന്നാണ് നിയമം. ജ: പട്ടീൽ 1982ൽതന്നെ ഭൂമി വാങ്ങിയിട്ടുണ്ട്. തങ്ങൾക്ക് വേറെ സ്ഥലമില്ലെന്ന് സത്യവാങ്മൂലം നൽകിയവർക്കേ ഭൂമി അനുവദിക്കൂ. ജ: പട്ടീൽ അങ്ങനെ സത്യവാങ്മൂലം നൽകിയിട്ടില്ല.

ജുഡീഷ്യൽ വകുപ്പിലെ ജീവനക്കാർക്കേ ഭൂമി നൽകാവൂ എന്ന് നിയമമുണ്ട്. ഹൈക്കോടതി ജഡ്ജിമാരാരും ജുഡീഷ്യൽ വകുപ്പിലെ ജീവനക്കാരല്ല; കേന്ദ്ര ജീവനക്കാരാണ്. 2007ൽ എ.ടി. രാമസ്വാമി ചെയർമാനായുള്ള ഒരു സംയുക്ത നിയമസഭാ കമ്മിറ്റിക്ക് ഇത് സംബന്ധിച്ച് ഒരന്വേഷണം നടത്തുകയുണ്ടായി. സഹകരണ സംഘങ്ങളിൽനിന്ന് ഭൂമി ലഭിച്ചവരിൽ ഈ കമ്മിറ്റി അയോഗ്യരെന്നു വിധിച്ച 84 ഹൈക്കോടതി-സുപ്രീം കോടതി ജഡ്ജിമാരുടെ പട്ടികയിൽ പതിമൂന്നാം സ്ഥാനത്ത് ജ: പട്ടീലിന്റെ പേരുണ്ട്.

ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ ഉദ്ദേശംതന്നെ കമ്പോള വിലക്ക് വീടോ സ്ഥലമോ വാങ്ങാൻ കഴിവില്ലാത്തവർക്കുവേണ്ടിയുള്ളതാണ് ഈ സഹകരണ സംഘമെന്നാണ്. പോരെങ്കിൽ 2010 നവമ്പർ 15ന്ന് സുപ്രീം കോടതിയിലുണ്ടായ ഒരു വിധിയിൽ, വീട് ആവശ്യമായ ദരിദ്രർക്കുള്ളതാണ് ഇത്തരം സംഘങ്ങളെന്ന് എടുത്തു പറഞ്ഞിട്ടുമുണ്ട്.

ജ:പട്ടീൽ ലോകായുക്തയായി അധികാരമേറ്റപ്പോൾ പുതിയൊരു വെബ്സൈറ്റ് ആരംഭിച്ചു. അതിൽ ജ: പട്ടീൽ തന്റെ സ്വത്തുക്കളുടെ കാര്യം പറഞ്ഞിട്ടുണ്ടെങ്കിലും, ഈ പ്ലോട്ടുകൾ ഭവന നിർമ്മാണ സഹകരണ സംഘം വഴി സംഘടിപ്പിച്ചതാണെന്ന് പറഞ്ഞിട്ടില്ല; മാത്രമല്ല ശരിയായ മേൽവിലാസവും നൽകിയിട്ടില്ല. ❏

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-9-2011

# വെറുതെ വിട്ടാൽ മാത്രം പോരാ, പോലീസിനെ ശിക്ഷിക്കുകയും വേണം

**- ജെ.എസ്. ഇഫ്തേഖർ -**

ഹൈദരാബാദിലെ മക്കാ മസ്ജിദിൽ ഉണ്ടായ പൊട്ടിത്തെറിക്ക് കാരണക്കാരെന്ന നിലയിൽ പോലീസ് പിടികൂടി ജയിലിലടച്ച രണ്ടു ഡസനോളം ചെറുപ്പക്കാരെ കോടതി ഈയിടെ വെറുതെ വിടുകയുണ്ടായി. അത് അത്രക്കും ആശ്വാസകരം തന്നെ. ഇവർക്ക് "നഷ്ടപരിഹാരം" നൽകണമെന്ന് ന്യൂനപക്ഷ കമ്മീഷൻ ഈയിടെ വിധിക്കുകയുമുണ്ടായി.

ചെയ്യാത്ത കുറ്റത്തിന് അറസ്റ്റ് ചെയ്ത് ജയിലിലിട്ട് മൂന്നാം മുറകൾക്ക് ഇരയാക്കപ്പെട്ടവർക്ക് എന്ത് നഷ്ടപരിഹാരമാണ് നൽകുക? ഇവരെ അന്യായമായി അറസ്റ്റ് ചെയ്യുകയും ദണ്ഡനമുറകൾക്ക് ഇരയാക്കുകയും ചെയ്തതിന് ഉത്തരവാദികളായവരെ ശിക്ഷിക്കുന്നതാണ് യഥാർത്ഥ നഷ്ടപരിഹാരമെന്ന് അഞ്ചുമാസം ജയിലിൽ കിടന്ന യുനാനി ഡോക്ടറായ ഡോ. ഇബ്രാഹിം അലി ജുനൈദ് പറയുന്നു.

വെറുതെ പിടികൂടി ജയിലിലടച്ച 21 പേരിൽ മിക്കവരും മുസ്ലീം യുവാക്കളാണ്. കുറച്ചു ലക്ഷങ്ങൾ നൽകി പരിഹരിക്കാവുന്നതല്ല ഇവരുടെ നഷ്ടം. മുസ്ലീമാണ് എന്നതുകൊണ്ടുമാത്രം ജയിലിലടക്കപ്പെടുകയും ദണ്ഡിപ്പിന്നിരയാക്കുകയും ചെയ്യപ്പെട്ടവരാണ് ഈ 21 പേരിൽ മിക്കവരും. നഷ്ടപരിഹാരം നൽകാൻ ന്യൂനപക്ഷ കമ്മീഷൻ കല്പിച്ചിട്ടുണ്ടെങ്കിലും ആർക്കും ഒന്നും കിട്ടിയിട്ടുമില്ല. തങ്ങളെ പിടിച്ചുകൊണ്ടുപോയ പോലീസുകാരെ ശിക്ഷിച്ചാലേ തങ്ങൾക്ക് മാനം വീണ്ടെടുക്കാൻ കഴിയൂ എന്ന് ഈ യുവാക്കൾ പറയുന്നു.

തങ്ങൾ നിർദ്ദോഷികളാണെന്ന് കണ്ട് കോടതി വിട്ടയച്ചുവെങ്കിലും പോലീസ് പിന്നിൽനിന്നു പോകുന്നില്ലെന്ന് യുവാക്കന്മാർ പറയുന്നു. നഗരത്തിൽ എവിടെയെങ്കിലും എന്തെങ്കിലും ആഘോഷമുണ്ടായാൽ, എവിടെയെങ്കിലും എന്തെങ്കിലും കുഴപ്പമുണ്ടായാൽ പോലീസ് ആദ്യമായി പിടികൂടുന്നത് തങ്ങളെയാണെന്ന് ഇവർ ആക്ഷേപിക്കുന്നു.

എന്തെങ്കിലും പണിയെടുത്ത് ഉപജീവനമാർഗ്ഗം ഉണ്ടാക്കാമെന്നു കരുതിയാൽ, അതിന്നും ഈ പോലീസ് സാന്നിധ്യം തടസ്സമാകുന്നു. രണ്ടുമാസം മുമ്പ് ഒരു പോലീസുകാരൻ വീട്ടിൽ കയറിവന്ന് താനെന്താണ് ചെയ്യുന്നതെന്ന് ചോദിച്ചതായി മുഹമ്മദലി എന്ന യുവാവ് പറഞ്ഞു. കമ്പ്യൂട്ടർ ഹാർഡ് വെയർ നെറ്റ് വർക്കിങ് പഠിച്ചിട്ടുള്ള ആളാണിദ്ദേഹം. ഈ പോലീസ് ശല്യംമൂലം ഒരിടത്തും ജോലി കിട്ടുന്നില്ല. ഒരു പ്രമുഖ ആഭരണ നിർമ്മാണ ശാലയിലെ ജീവനക്കാരനായിരുന്ന മൊഹമ്മദ് റയീസുദ്ദീനും ഇന്ന് തൊഴിലില്ലാതെ അലയുകയാണ്. ചീത്തപ്പേരു സമ്പാദിച്ചവർക്ക് തൊഴിൽ നൽകാനാവില്ലെന്ന് മുതലാളി പറയുന്നു.

മസൂദ് അഹമ്മദ് ഒരു ബിരുദധാരിയാണ്. ഒരു തുണിക്കടയിലായിരുന്നു ജോലി. മാസം 15,000 രൂപ ശമ്പളമുണ്ടായിരുന്നു. ഇന്ന് 1,500 രൂപ പോലും ഉണ്ടാക്കാനാവുന്നില്ല. ❑

Printed and published by : **Dr. George Mathen for Niyama Samskara Kendram, Janeneethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.janeneethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം - 100 ക., ആയുഷ്കാലം - 1000 ക.